കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ജില്ലാ ഓഡിറ്റ് കാര്യാലയം

## പാലക്കാട്


www.lfa.kerala.gov.in

e-mail: dopkd.ksad@kerala.gov.in


# പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2018-19

നം.കെ.എസ്.എ-പികെഡി8/1599/2019

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട് ജില്ല

തീയതി – 06.05.2020

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് -2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും

ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
3. അസി.ഡവലപ്മെന്റ് കമ്മീഷർ,തദ്ദേശ സ്വയംഭരണ വകുപ്പ്,പാലക്കാട്
4. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി8/1599/2019 തിയ്യതി – 06.05.2020

## പാലക്കാട് ജില്ലയിലെ പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 16-05-2019 മുതൽ 17-11-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ 7അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എം.ആർ.സുനിൽ ദത്ത്<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18-11-19 മുതൽ 27-11-19 വരെ |

| | |
|---|---|
| ശ്രീ.കെ.ആർ.പ്രകാശ് ബാബു | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്) |
| ശ്രീ.കെ.പി.മുഹമ്മദ് ഫാറൂക്ക് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | |

| | |
|---|---|
| ശ്രീ.കെ.ആർ.പ്രകാശ് ബാബു | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്) |
| ശ്രീ.എ.ബി.സുരേഷ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | വി.എം.മുഹമ്മദാലി | 1-4-18 മുതൽ 31-3-19 വരെ |
| സെക്രട്ടറി | പി.വി.സത്യൻ | 1-4-17മുതൽ 3.04.18 വരെ &<br><br>16-5-18മുതൽ 5-6-18 വരെ |
| | കെ.അജിത<br>(ജോയന്റ് ബി.ഡി.ഓ ഇൻ-ചാർജ്ജ്) | 4-4-18മുതൽ15-5-18 വരെ |
| | കെ.അജിത | 6-6-18 മുതൽ21-7-18 വരെ |
| | പി.എസ്.മിനി | 22-7-18 മുതൽ31-3-19 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി അസി.ഡയറക്ടർ | സൂസൻ ബെഞ്ചമിൻ | 1-4-18 മുതൽ 6-8-18 വരെ |
| | ഡീന എബ്രഹാം | 7-8-18 മുതൽ 31-3-19വരെ |
| എസ്.സി.ഡി.ഒ | ജോസഫ് ജോർജ്ജ് | 1-4-18 മുതൽ 5-4-18 വരെ |
| | അനിത ടി.കെ | 6-4-18 മുതൽ 30-8-18 വരെ |
| | ദിലീപ് എസ് | 31-8-18 മുതൽ 11-12-18 വരെ |
| | രജനി.എ | 12-12-18മുതൽ 18-12-18 വരെ |
| | പി.ജി.സെബാസ്റ്റ്യൻ പ്രിൻസ് | 19-12-18 മുതൽ 31-3-19 വരെ |
| സി.ഡി.പി.ഒ | ലളിതാംബിക ടി. | 1-4-18 മുതൽ 31-3-19 വരെ |
| അസി.എക്സി.<br>എഞ്ചിനീയർ | വി.എസ്.ഗോപകുമാർ | 1-4-18 മുതൽ 30-5-18 വരെ |
| | ജുവൈന പി.ഖാൻ | 31-5-18 മുതൽ 31-3-19 വരെ |
| മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി,കൊപ്പം | ഡോ.വി.സി.ഗീത | 1-4-18 മുതൽ 31-3-19 വരെ |
| ക്ഷീര വികസന<br>ഓഫീസർ | സി.ജെ.ജാസ്മിൻ | 01-4-18 മുതൽ 31-3-19വരെ |

**ഉള്ളടക്കം**

**ഭാഗം 1**

**ഓഡിറ്റ് റിപ്പോർട്ട്**

**ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം**

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം-റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം | 1-3 |
| 4 | ഫണ്ട് വിനിയോഗം-എ.സി.ആർ പ്രകാരം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ആഭ്യന്തരനിയന്ത്രണത്തിലെ അപാകതകൾ | 1-6 |
| 7 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-7 |
| 8 | വാർഷികകണക്കുകളിലെ അപാകതകൾ | 1-8 |
| 9 | ഇ-ടെന്റർ ഫോറം വില ഇനത്തിൽ ലഭിച്ച 180848/- രൂപ പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിക്ഷേപിച്ചിട്ടില്ല | 1-9 |
| 10 | ഓഡിറ്റ് ഇംപാക്റ്റ് -കരാറുകാരിൽ നിൽനിന്ന് ബില്ലിൽ ഈടാക്കാതിരുന്ന ടാർ ബാരലിന്റെ തുക ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് നേരിട്ട് അടവാക്കി | 1-10 |
| 11 | കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല | 1-11 |
| 12 | വനിതാ തൊഴിൽ പരിശീലനകേന്ദ്രം -- തുടർനടപടികൾ ഇല്ലാത്തതിനാൽ ലക്ഷ്യം കൈവരിച്ചിട്ടില്ല | 1-12 |
| 13 | കുറഞ്ഞ അടങ്കൽ തുകയുള്ള പ്രോജക്ടുകൾ ഏറ്റെടുത്തത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധം | 1-13 |
| 14 | കോളനി മണ്ണ് സംരക്ഷണ പ്രവൃത്തികൾ - വികസനഫണ്ട് ചെലവഴിച്ചത് തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ പരിഗണിക്കാതെ | 1-14 |
| 15 | MGNREGS - ന്റെ സിമെന്റ് ബ്രിക്സ് നിർമാണ യൂണിറ്റ് പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കണം | 1-15 |
| 16 | പദ്ധതി മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിക്കുന്നില്ല | 1-16 |
| 17 | CDPO നിർവഹിച്ച പദ്ധതികൾ- അപാകങ്ങൾ സംബന്ധിച്ച് | 1-17 |
| 18 | പദ്ധതി നിർവ്വഹണത്തിനു വേണ്ടി വിവിധ ഏജൻസികൾക്ക് കൈമാറിയ തുകകൾ- വിനിയോഗ സാക്ഷ്യ പത്രങ്ങൾ ലഭ്യമാക്കണം | 1-18 |

**ഭാഗം-II**

**വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ**

പ്രത്യേക പരാമർശങ്ങൾ ഇല്ല

**ഭാഗം-III**

**ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ**

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ട്രെയിനിംഗ്- കം- ഫെസിലിറ്റേഷൻ സെന്ററിലേക്ക് തൊഴിലുപകരണങ്ങൾ, കമ്പ്യൂട്ടർ, ഫർണിച്ചർ എന്നിവ വാങ്ങൽ- [illegible] | 3-1 |

| | | |
|---|---|---|
| | നിഷ്ഫലമായ ചെലവ് -600500 രൂപ തിരിച്ചടക്കണം. | |
| 2 | വിവിധ സ്കൂളുകളിൽ ബുക്കും ഷെൽഫും വാങ്ങി വിതരണം ചെയ്ത നടപടി - ചെലവു തുക 441700 രൂപ നിരാകരിക്കുന്നു | 3-2 |

<u>ഭാഗം-IV</u>

**ഓഡിറ്റ് പ്രത്യവലോകനം**

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരം | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | വായ്പ/വായ്പ തിരിച്ചടവ് | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |

<u>**അനുബന്ധം**</u>

**1. വാർഷികക്കണക്കുകളുടെ പരിശോധനാ സാക്ഷ്യപത്രം**

**2.ഓഡിറ്റ് ചെയ്ത വരവ്-ചെലവ് പത്രികകളുടെ സംക്ഷിപ്തം**

# <u>ഭാഗം -1</u>
# <u>ഓഡിറ്റ് റിപ്പോർട്ട്</u>.

# 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 17/03/2018 തിയതിയിലെ തീരുമാനം 3(1) പ്രകാരം അംഗീകരിച്ചു. വാർഷിക ബജറ്റ് പുതുക്കി അംഗീകാരം നേടിയിട്ടില്ല.

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട | ലഭിച്ച തീയതി | അപാകത | അപാകത |
|---|---|---|---|

| തീയതി | | പരിഹരിക്കാൻ തിരിച്ചയച്ച തീയതി | പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 22-6-19 | ----- | ----- |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 43780394 |
| വരവ് | 93069486 |
| ആകെ | 136849880 |
| ചെലവ് | 110724267 |
| നീക്കിയിരിപ്പ് | 26125613 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ (എ.സി.ആർ പ്രകാരം) | 0 | 39832000 | 39832000 | 39832000 | 0 |
| വികസനഫണ്ട് എസ്.സി.പി (എ.സി. ആർ പ്രകാരം) | 0 | 24603000 | 24603000 | 24603000 | 0 |
| വികസനഫണ്ട് ടി.എസ്.പി (എ.സി.ആർ പ്രകാരം) | 0 | 244000 | 244000 | 244000 | 0 |
| മെയ്റ്റനൻസ് ഗ്രാന്റ് നോൺ റോഡ്(എ.സി.ആർ പ്രകാരം) | 0 | 4725000 | 4725000 | 4725000 | 0 |
| പി എം എ വൈ/ ഐ എ വൈ പ്ലാൻ ഫണ്ട് | 22318057 | 15685337 | 38003394 | 23176860 | 14826534 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 3113163 | 4842603 | 7955766 | 4755497 | 3200269 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്-ട്രഷറി | 1501599 | 0 | 1501599 | 315000 | 1186599 |
| ബി ആർ ജി എഫ് | 200819 | 5797 | 206616 | 0 | 206616 |
| IAY സ്റ്റേറ്റ് ഷെയർ | 746056 | 26456 | 772512 | 0 | 772512 |
| IAY (SC) -അഡീഷണൽ സ്റ്റേറ്റ് ഷെയർ | 10846901 | 14965192 | 25812093 | 21953160 | 3858933 |
| ശുചിത്വ മിഷൻ / ടി,എസ്.സി | 281704 | 11425 | 293129 | 7126 | 286003 |
| Miscellaneous | 2966358 | 2768842 | 5735200 | 4313164 | 1422036 |
| IWMP-E1 | 358084 | 86184 | 444268 | 100000 | 344268 |
| IWMP-E2 | 1439887 | 108956 | 1548843 | 1527000 | 21843 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടു |
|---|---|---|---|---|---|---|

| | | | | (എണ്ണം) | (എണ്ണം) | കളുടെ ശതമാനം |
|---|---|---|---|---|---|---|
| 156 | 111417025 | 132 | 70054088 | 0 | 24 | 84.61 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നടപ്പാ ക്കിയത് | ആകെ അടങ്കൽ തുക | ചെല വഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| ചൈൽഡ് ഡവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ | 12 | 11 | 4976459 | 4835659 | 97.17 |
| മെഡിക്കൽ ഓഫീസർ- CHC | 9 | 9 | 2663793 | 2584393 | 97.01 |
| സെക്രട്ടറി | 28 | 25 | 42443677 | 22005035 | 51.84 |
| പട്ടികജാതി വികസന ഓഫീസർ | 2 | 1 | 3382100 | 2380000 | 70.37 |
| അസിസ്റ്റന്റ് ഡയറക്ടർ-കൃഷി | 2 | 2 | 3535000 | 3535000 | 100 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 96 | 77 | 48715696 | 31659001 | 64.98 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 6 | 6 | 5465000 | 2855000 | 52.24 |
| വ്യവസായ വികസന ഓഫീസർ | 1 | 1 | 235300 | 200000 | 84.99 |
| ആകെ | 156 | 132 | 111417025 | 70054088 | 62.87 |

# 1-6 ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ

ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെയും, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ എന്നിവയുടേയും യോഗങ്ങൾ നിയമത്തിലും ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുന്നുണ്ടെങ്കിലും, സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ, പദ്ധതി ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ വർഷത്തിൽ ഒരു യോഗം ചേരുകയും തീരുമാനങ്ങൾ ഒന്നും എടുക്കാതെ പിരിയുകയുമാണ് ചെയ്തിട്ടുള്ളത്. പദ്ധതികളുടെ ആസൂത്രണ – നിർവ്വഹണ

ഘട്ടങ്ങളുടെ കാര്യക്ഷമത ഭരണ സമിതി യോഗങ്ങളിൽ അജണ്ടയായി വരുന്നില്ല. പല പദ്ധതികളും കലണ്ടർ പ്രകാരം പൂർത്തീകരിക്കപ്പെടുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം കൃത്യമായി പ്രതിമാസം ചേരുന്നില്ല. പൂർത്തിയായ പദ്ധതികളിൽ നിർദ്ദിഷ്ട രീതിയിൽ മോണിറ്ററിംഗ് നടക്കുന്നില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പല പ്രധാന ആസ്തികളും രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. സ്റ്റോക്ക് ആന്റ് സ്റ്റോഴ്സ്, മറ്റു വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷ്വറൻസ് പരിരക്ഷ ഇല്ല. സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ മൂല്യം രേഖപ്പെടുത്തി സെക്രട്ടറി ഒപ്പു വെച്ച് ആധികാരികമാക്കുന്നില്ല. നിർവ്വഹണോദ്യോഗസ്ഥരിൽ പലരും പ്രോജക്ട് ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. പല പ്രോജക്ട് ഫയലുകളിലും അവശ്യം വേണ്ട സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളുമായുള്ള കരാറിന് പകരം വെറും ഒപ്പിട്ട മുദ്രപത്രങ്ങൾ മാത്രമാണ് കാണുന്നത്. വൗച്ചറുകളിൽ പ്രസിഡന്റും, സെക്രട്ടറിയും സംയുക്തമായി സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല. ടെണ്ടർ നടപടികളുടെ ഭാഗമായുള്ള പ്രാഥമിക കരാറുകളിൽ രേഖപ്പെടുത്തലുകൾ ഇല്ല.

ബജറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ല. 2018-19 ലെ ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 266766400/- രൂപയും, ചെലവ് 266122400/- രൂപയുമാണ്. എന്നാൽ വാർഷിക കണക്കുകൾ പ്രകാരം യഥാർത്ഥ വരവ് 136849880 രൂപയും ചെലവ് 136166260 രൂപയുമാണ്. ഒരു സ്ഥാപനത്തിന്റെ സാമ്പത്തിക നിയന്ത്രണത്തിനുള്ള അടിസ്ഥാന രേഖയാണ് ബജറ്റ്. ഒരോ ചെലവുകളും ബജറ്റിനകത്തുനിന്നുകൊണ്ടാകണം ചെയ്യേണ്ടത്. ഇത്രയും വലിയ തുക വരവും ചെലവുമായി കാണിക്കുമ്പോൾ ഈ സാമ്പത്തിക അച്ചടക്കം പാലിക്കാനാകാതെ വരുന്നു. ആയതിനാൽ ബജറ്റ് കൂടുതൽ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നരീതിയിൽ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

വാങ്ങിയ മുഴുവൻ സാധനങ്ങളും സ്റ്റോക്കിലെടുക്കുന്നില്ല. സ്റ്റോക്കിലെടുക്കുന്നവയുടെ മൂല്യം ചേർക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വർഷാവസാനം ബാലൻസുള്ളവയുടെ ഭൌതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ബില്ലുകളിൽ സ്റ്റോക്ക് എൻട്രി സർട്ടിഫിക്കറ്റ് രേഖപ്പെടുത്തുന്നില്ല. പദ്ധതിവിഹിതം ഉപയോഗിച്ച് സാധനസാമഗ്രികൾ വാങ്ങിയതിലെ ഗുരുതരമായ അപാകതകൾ റിപ്പോർട്ടിലെ ഖണ്ഡിക 3-1 ൽ പരാമർശിച്ചിട്ടുള്ളത് ശ്രദ്ധിച്ചാലും.

# 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 09-07-18 to 24-07-18 | 2017-18 | 31-10-18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.03.16 | 2010-11 to 2014-15 | 23.05.16 |

# 1-8 വാർഷിക കണക്കുകളിലെ അപാകതകൾ

<u>ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ</u>

-പ്രത്യേക പരാമർശമില്ല-

# 1-9 ഇ-ടെന്ററർ ഫോറം വില ഇനത്തിൽ ലഭിച്ച 180848/- രൂപ പഞ്ചായത്തിന്ററെ തനതുഫണ്ടിൽ നിക്ഷേപിച്ചിട്ടില്ല

വിവിധ വർഷങ്ങളിലായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഇ- ടെന്റർ നടത്തിയ വകയിൽ ലഭിക്കേണ്ട ടെന്റർ ഫോറം വില അതാത് പഞ്ചായത്തുകൾക്ക് ലഭിക്കേണ്ടതിനുപകരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിച്ചു വന്നിരുന്നത്. ഇക്കാര്യം ജില്ലാ പഞ്ചായത്തിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചതിനെ തുടർന്ന് 180848/-രൂപ നാളിതുവരെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും അസി.എഞ്ചിനീയറുടെ 37388076474/SBI, പട്ടാമ്പി എന്ന അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ഈ തുക ബ്ലോക്ക് പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നാളിതുവരെ നിക്ഷേപിച്ചിട്ടില്ല. തുക ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-10 ഓഡിറ്റ് ഇംപാക്റ്റ് -കരാറുകാരിൽ നിൽനിന്ന് ബില്ലിൽ ഈടാക്കാതിരുന്ന ടാർ ബാരലിന്റെ തുക ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് നേരിട്ട് അടവാക്കി

2018-19 ൽ പൂർത്തീകരിച്ചിട്ടുള്ള റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ് വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (with packed bitumin rates) ഇവയുടെ ഫൈനൽ ബില്ലുകളിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്യുതിനുശേഷമാണ് കരാറുകാർക്ക് തുക നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ നിന്നും ബിറ്റുമിൻ ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത്. ഈ പ്രവൃത്തികളുടെ അളവു പുസ്തകങ്ങളിൽ ബിറ്റുമിൻ adequacy കണക്കാക്കി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 250/-രൂപ നിരക്കിൽ ബാരലിന്റെ വില 74000/-രൂപകരാറുകാരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

| ക്രമ നം. | പ്രോജ.നം./ പ്രവൃത്തി/ കരാറുകാരൻ | ബിൽ നം.-,തുക, അളവുപുസ്തകം | ആവശ്യമായ ബിറ്റുമിൻ(kg) (as per adequacy) - ബാരലിന്റെ എണ്ണം | ബാരലിന്റെ വില @ 250/- |
|---|---|---|---|---|
| 1 | 62/19—വെസ്റ്റ് കൈപ്പുറം-ഞാവൽക്കാട് റോഡ്<br>--നൗഷാദ് പി. | 70/20-3-19<br>115568/-<br>67/18-19 | VG-30–4219.56/156<br>=27.04<br>RS1- 378.97/200<br>=1.89 | 29X250<br>= 7250 |
| 2 | 113/19- കൊപ്പം-പുലാശ്ശേരി എടപ്പലം റോഡ്<br>--പി.ഭാസ്കരൻ | 76/20-3-19<br>460000/-<br>69/18-19 | VG-30 – 1759.29/156<br>11.27<br>SS1-198.39/182<br>=1.09<br>RS1- 211.53/200<br>1.05 | 13X250<br>=3250 |
| 3 | 158/19—മണ്ണൊഴിപ്പറമ്പ് -കക്കുഴിറോഡ്, വിളയൂർ | 66/20-3-19<br>492627/- | VG-30 – 3156.03/156 | 23x250 |

| | | | | |
|---|---|---|---|---|
| | --അബ്ദുൾ റസാക്ക് | 56/18-19 | =20.23<br>SS1- 298.99/182<br>1.64<br>RS1- 261.53/200<br>=1.30 | =5750 |
| 4 | 190/19—ആമയൂർ-കിഴക്കേക്കര ജനതാ റോഡ് റി ടാറിംങ് പി.അമീറലി | 76/20-3-19<br>481498/-<br>73/18-19 | VG-30 – 3867.15/156<br>=24.78<br>RS1-427.39/200<br>=2.13 | 27X250<br>=6750 |
| 5 | 109/19—മുത്തശ്ശിയാർകാവ്-NSS റോഡ് റീടാറിംങ്, അനങ്ങനടി<br>---എ.എം.യൂസഫ് | 75/20-3-19<br>467000/-<br>29,30/17-18 | VG-30 – 2321.14/156<br>14.87<br>RS1- 1219.54/200<br>6.59 | 21X250<br>=5250 |
| 6. | 61/19—കള്ളാടിപ്പറ്റ മമ്മിപ്പടി-അന്തിമഹാകാളൻ-റോഡ്, ഓങ്ങല്ലൂർ<br>--ഹാജാ ഹുസ്സൈൻ | 74/20-3-19<br>451047/-<br>68/18-19 | VG-30 – 3894.45/156<br>=24.9<br>RS1- 433.30/200<br>=2.16 | 27X250<br>=6750 |
| 7. | 162/19-- വില്ലത്ത് പടി-മപ്പാട്ടുകരറോഡ് റീടാറിംങ്<br>---അബ്ദുൾ റസാക്ക് | 73/20-3-19<br>474415/-<br>69/17-18 | VG-30 – 1796.09/156<br>=11.51<br>RS1- 163/200<br>=0.81 | 12X250<br>=3000 |
| 8. | 191/19-കരിങ്ങനാട് കുണ്ട് -കരിമ്പനത്തോട്ടം കോളനി റോഡ്,വിളയൂർ<br>--എ.എം.യൂസുഫ് | 65/22-3-19<br>390791/-<br>35/18-19 | VG-30 – 930.30/156<br>=5.96<br>RS1-197.91/200<br>=0.48 | 6X250<br>=1500 |
| 9. | 168/19—തമാനിക്കര-കളങ്ങര റോഡ് റീടാറിംങ്<br>--പി.പി.ഹംസ | 53/15-12-18<br>499078/-<br>43/18-19 | VG-30 – 2491.48/156<br>=15.97<br>RS1- 288.98/200 | 17X250<br>=4250 |

| | | | | |
|---|---|---|---|---|
| | | | 1.44 | |
| 10. | 164/19—എറയൂർ-പൈരീങ്കൽപടി റോഡ്, കൊപ്പം<br><br>എ.എം.യൂസഫ് | 38/12-11-18<br><br>507439/-<br><br>18/18-19 | VG-30 – 3831.96/156<br><br>=24.56<br><br>RS1- 376.42/200<br><br>=1.88 | 26X250<br><br>=6500 |
| 11 | 58/19-കുട്ടായിതെരുവ് ആയുർവേദ ഡിസ്പെൻസറി റോഡ്,ഓങ്ങല്ലൂർ<br><br>മുഹമ്മദ് റനീഷ് | 72/11-3-19<br><br>424080/-<br><br>63/18-19 | VG-30 – 1862.60/156<br><br>11.93<br><br>SS1-750.34/182<br><br>=4.12<br><br>RS1- 242.76/200<br><br>1.21 | 17x250<br><br>=4250 |
| 12 | 142/19-മണ്ണേങ്ങോട്-അത്താണി കോർമ്മോത്ത് പടി റോഡ്<br><br>പി.അബ്ദുൾ റഹ്മാൻ | 51/15-12-18<br><br>454729/-<br><br>33/18-19 | VG-30-819.73/156<br><br>=5.25<br><br>SS1-330.22/182<br><br>=1.81<br><br>RS1- 106.84/200<br><br>=.53 | 8x250<br><br>=2000 |
| 13 | 146/19-കുന്നങ്കാട് കോളനി റോഡ് റീടാറിംങ്<br><br>പി.പി.ഹംസ | 50/12-12-19<br><br>498758/-<br><br>46/18-19 | VG-30 – 2857.03/156<br><br>=18.31<br><br>RS1-320.53/200<br><br>=1.60 | 20x250<br><br>=5000 |
| 14 | 169/19-പൈലിപ്പുറം കാളിയാർവട്ടംറോഡ് നവീകരണം<br><br>പി.നൗഷാദ് | 11/28-6-18<br><br>591614/-<br><br>1/18-19 | VG-30-1870.86/156<br><br>=11.99<br><br>RS1-206.09/200<br><br>=1.03 | 13x250<br><br>=3250 |
| 15 | 88/19—പാറപ്പുറം കോളനി റോഡ് ടാറിംങ്, കലുക്കല്ലൂർ<br><br>ടി.എം.മുഹമ്മദ് റഫീക്ക് | 59/19-1-19<br><br>458307/-<br><br>50/18-19 | VG-30-1256.50/156<br><br>=8.05<br><br>SS1-/506.17/182<br><br>=2.78 | 12x250<br><br>=3000 |

| | | | | |
|---|---|---|---|---|
| | | | RS1- 163.76/200<br>=0.81 | |
| 16 | 99/19—കുമാരൻ പടി - ശങ്കരൻപടി റോഡ് റീ ടാറിം ങ്<br>എ.എം.യൂസഫ് | 57/11-1-19<br>432561/-<br>31/18-19 | VG-30-1059.13/156<br>=6.78<br>SS1- 426/182<br>=2.78<br>RS1- 163.76/200<br>=0.81 | 10x250<br>=2500 |
| 17 | 161/19-പനങ്കിളി-മുത്തല ങ്ങാട് റോഡ്, മെറ്റലിംങ്, ടാറിംങ്<br>എ.എം.യൂസഫ് | 20/31-8-18<br>449901/-<br>29/17-18 | VG-30-1649.14/156<br>=10.57<br>SS1-664.34/182<br>=3.65<br>RS1- 214.93/200<br>=1.07 | 15x250<br>=3750 |
| | | | ആകെ | 74000/- |

മേൽ പറഞ്ഞ പ്രകാരം ഈടാക്കേണ്ട തുകയായ 74000/-രൂപ ബന്ധപ്പെട്ട കരാറുകാർ പട്ടാമ്പി സബ്ട്രഷറിയിൽ ചലാൻ പ്രകാരം അടവാക്കിയതിന്റെ വിവരം ഓഡിറ്റിനെ രേഖാമൂലം ബോദ്ധ്യപ്പെടുത്തുകയുണ്ടായി.ആയത് അഭിനന്ദനാർഹമാണ്.

# 1-11 കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 7 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 21 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള

തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.ടി തുക 10921/- രൂപ ബന്ധപ്പെട്ട കരാറുകാരിൽനിന്നും ഈടാക്കി തനത് ഫണ്ടിൽ ഒടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ടെണ്ടർ/ തീരുമാനം/ സെലക്ഷൻ നോട്ടീസ് നൽകിയത് | എഗ്രിമെന്റ് തീയതി/ കരാറുകാരൻ | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|
| 1. | വില്ലത്തു പടി-മപ്പാട്ടുകര റോഡ് (പ്രോജ.നം.162/19)<br>PAC-499451/-<br>ബിൽ നം. 73/21-2-19 | തീരുമാനം.നം. 1/30-12-17<br>സെലക്ഷൻ നോട്ടീസ് നൽകിയത്-3-1-18 | 22/30-1-18<br>അബ്ദുൾ റസാഖ് | 4995 |
| 2 | വേട്ടാം കുന്ന് കോളനി മണ്ണ് ജല സംരക്ഷണം,മുതുതല (പ്രോജ.നം.160/19)<br>PAC-592646/-<br>ബിൽ നം. 4/15-5-18 | തീരുമാനം.നം. 1/30-12-17സെലക്ഷൻ നോട്ടീസ് നൽകിയത്-3-1-18 | 26/31-1-18 | 5926 |
| | | | ആകെ | 10921 |

# 1-12 വനിതാ തൊഴിൽ പരിശീലന കേന്ദ്രം -- തുടർ നടപടികൾ ഇല്ലാത്തതിനാൽ ലക്ഷ്യം കൈവരിച്ചിട്ടില്ല

പ്രോജ.നം – 154/19

അടങ്കൽ – 10,00,000/-(വികസനഫണ്ട്-ജനറൽ)
ഭരണാനുമതി നമ്പർ-5(1)/14-12-17

ചെലവ് – 9,13,220/-(ബിൽ നം.2/15-5-18— തുക – 322627, ബിൽ നം - 58/10-1-19—തുക – 590593)

കരാറുകാരൻ – വി.കെ.ഉമ്മർ (കരാർ തിയ്യതി – 23-2-18)

എം.ബുക്ക് നം.25/17-18

2017-18 ൽ ആരംഭിച്ച് തൻവർഷം നിർമ്മാണം പൂർത്തിയാക്കിയ ബ്ലോക്ക് പഞ്ചായത്തിലെ നടുവട്ടം ഡിവിഷനിൽ ഉൾപ്പെട്ട കൈപ്പുറം എന്ന സ്ഥലത്ത് ലക്ഷംവീട് കോളനിയോട് ചേർന്ന് അംഗൻവാടി കെട്ടിടത്തിന് മുകളിലായി നിർമ്മിച്ച കെട്ടിടത്തിൽ ട്രെയ്നിംഗ് ഹാൾ, ടോയ് ലറ്റ്, മെയിൻ സ്ലാബിന് മുകളിൽ ട്രസ് വർക്ക് എന്നിവ ഉൾപ്പടെയുള്ള കരാർ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. വയറിംഗ് പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടെങ്കിലും കണക്ഷൻ ലഭ്യമായിട്ടില്ല.

13-1-2019 ന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെട്ടിടം ഉദ്ഘാടനം ചെയ്തതിന്റെ ശിലാഫലകം കെട്ടിടത്തിന്റെ മുൻവശത്ത് കാണാൻ കഴിഞ്ഞു. എന്നാൽ നാളിതുവരെ തൊഴിൽ പരിശീലനവുമായി ബന്ധപ്പെട്ട് ഏതെങ്കിലും സ്വാശ്രയ ഗ്രൂപ്പുകളെ തെരഞ്ഞെടുക്കുകയോ അനുബന്ധനടപടികൾ ആവിഷ്കരിക്കുകയോ ചെയ്തിട്ടില്ല. കെട്ടിടം സ്ഥിതി ചെയ്യുന്ന തിരുവേഗപ്പുറ ഗ്രാമ പഞ്ചായത്തും ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ പദ്ധതികളൊന്നും രൂപീകരിച്ചിട്ടില്ല. യാതൊരു ആസൂത്രണവുമില്ലാതെ പദ്ധതി ഏറ്റെടുത്തത് ദീർഘവീക്ഷണമില്ലാതെയാണെന്ന് വിലയിരുത്തുന്നു. തുടർ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി പദ്ധതി ഫലവത്താക്കണമെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-13 കുറഞ്ഞ അടങ്കൽ തുകയുള്ള പ്രോജക്ടുകൾ ഏറ്റെടുത്തത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

ബ്ലോക്ക് പഞ്ചായത്തുകൾ 5 ലക്ഷം രൂപയിൽ കുറവ് അടങ്കലുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ലായെന്ന് പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ (ജി.ഒ.(എം.എസ്.)നം.22/2018/ തസ്വഭവ, തീ. 14.02.17) ഖ.6.9(2) സബ്സിഡി മാർഗ്ഗരേഖ (ജി.ഒ(എം.എസ്) നം.80/2017/ തസ്വഭവ തീയതി:03.04.2017) ഖ.16 എന്നിവയിൽ നിർദ്ദേശിച്ചിട്ടുണ്ട്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾ, പുതുക്കിപ്പണിയൽ, കൂട്ടിച്ചേർക്കലുകൾ, എന്നിവയ്ക്കും സാമഗ്രികൾ വാങ്ങുന്നതിനും ഉള്ള പ്രോജക്ടുകൾക്ക് കുറഞ്ഞ പരിധി ബാധകമല്ല. അതുപോലെ റോഡിതര മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ച് ചെയ്യുന്ന പ്രവൃത്തികൾക്കും പട്ടികവർഗ്ഗ ഊരുകളിൽ നടപ്പാലങ്ങൾ, പടവുകൾ എന്നിവയ്ക്കുള്ള പ്രവൃത്തികൾക്കും കുറഞ്ഞ പരിധി ബാധകമല്ല. എന്നാൽ 2018-19-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന 96 പ്രോജക്ടുകളിൽ ഭൂരിഭാഗം എണ്ണവും 5 ലക്ഷം രൂപയിൽ കുറവ് അടങ്കലുള്ളവയായിരുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ |
|---|---|---|---|
| 1 | 206/19 | മേടാട്ട് പള്ളിയാലിൽ -പൂതേരിക്കുണ്ട് കോളനി സമഗ്ര വികസനം | 1,10,000 |
| 2 | 124/19 | വാഴപ്പുറം കോളനി നവീകരണം | 376460 |
| 3 | 113/19 | കൊപ്പം-പുലാശ്ശേരി എടപ്പലം റോഡ് | 4,60,000 |
| [illegible] | [illegible] | [illegible] | [illegible] |

| | | | |
|---|---|---|---|
| 4 | 141/19 | ഞാവൽക്കാട്-ലക്ഷംവീട് കോളനി കുടിവെള്ള പദ്ധതി | 417558 |
| 5 | 142/19 | മണ്ണേങ്ങോട് അത്താണി-കോർമ്മോത്ത് റോഡ് | 454730 |
| 6 | 161/19 | പനങ്കിളി-മുത്തലങ്ങാട് റോഡ്, മെറ്റലിംങ്, ടാറിംങ് | 449902 |
| 7 | 174/19 | മനക്കൽകുന്ന് ജലസേചനം | 300000 |

സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പ്രോജക്റ്റുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയത് ക്രമപ്രകാരമല്ല. ഭാവിയിൽ പ്രോജക്റ്റുകൾ രൂപീകരിക്കുമ്പോൾ ഇത് സംബന്ധിച്ച നിബന്ധനകൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-14 കോളനി മണ്ണ് സംരക്ഷണ പ്രവൃത്തികൾ -തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ പരിഗണിക്കാതെ വികസനഫണ്ട് ചെലവഴിച്ചത് ക്രമവിരുദ്ധം

മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിലൂടെ നടത്തേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതിയിലൂടെ നടപ്പാക്കാൻ കഴിയില്ലെങ്കിൽ മാത്രമേ ഈ ആവശ്യത്തിന് വികസന ഫണ്ട് ഉപയോഗിക്കാവൂ. (സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭ.വ, തീയതി 28.01.2018, ഖണ്ഡിക നം. 7.1.6 (ബി), (2) കാണുക) എന്നാൽ താഴെ പറയുന്ന പ്രോജക്റ്റ് ഉൾപ്പടെ ഉള്ളവയുടെ കാര്യത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടില്ല.

ഉദാ:- വേട്ടാം കുന്ന് കോളനി മണ്ണ് ജല സംരക്ഷണം, മുതുതല

<u>ഓഡിറ്റ് നിർദ്ദേശം</u> :- ഭാവിയിൽ മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിലൂടെ മാത്രം നിർവ്വഹിക്കേണ്ടതാണ്.

# 1-15 MGNREGS - ന്റെ സിമെന്റ് ബ്രിക്സ് നിർമാണ യൂണിറ്റ് പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കണം

02/19-MNREGS ലേബർ ഗ്രൂപ്പിന് സിമെന്റ് ബ്രിക്സ് നിർമാണത്തിന് യന്ത്ര സാമഗ്രികൾ വാങ്ങി നൽകൽ.- യൂണിറ്റ് ഫലപ്രദമായി ഉപയോഗിക്കാൻ ഊർജ്ജിത നടപടികൾ സ്വീകരിക്കണം.

പദ്ധതിയുടെ വിശദാംശങ്ങൾ

| | |
|---|---|
| പ്രൊജക്ട് നമ്പർ | 202/19 |
| പ്രൊജക്ടിന്റെ പേര് | MGNREGS ലേബർ ഗ്രൂപ്പിന് സിമെന്റ് ബ്രിക്സ് നിർമാണത്തിന് യന്ത്ര സാമഗ്രികൾ വാങ്ങി നൽകൽ.- |
| അടങ്കൽ | 146256/- വികസന ഫണ്ട്. |
| ചെലവ് | 146256/- ട്രഷറി ബിൽ നമ്പർ 26/13.3.2019 |
| നിർവഹണോദ്യോഗസ്ഥൻ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |

കല്ലുക്കല്ലൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ പെട്ട മാരായമംഗലം എന്ന പ്രദേശത്ത് മാരായമംഗലം ഹയർ സെക്കന്ററി സ്കൂളിന് എതിർ വശത്ത് വനഭൂമിയോട് ചേർന്ന് കിടക്കുന്ന ഗ്രാമ വികസന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ലോഹ ഷീറ്റ് മേഞ്ഞ താൽക്കാലിക ഷെഡിൽ NREGS ലേബർ ഗ്രൂപ്പിന് തൊഴിൽ നൽകുന്നതിനും, IAY, Life എന്നീ ഭവന പദ്ധതികൾക്ക് സിമെന്റ് കട്ടകൾ സപ്ലൈ ചെയ്യുന്നതിനും വേണ്ടി ഉദ്ദേശിക്കപ്പെട്ട സിമെന്റ് ബ്രിക്സ് നിർമ്മാണ യൂണിറ്റിനുള്ള യന്ത്ര സാമഗ്രികൾ പ്ലാസ്റ്റിക് ഷീറ്റിൽ പൊതിഞ്ഞ് സൂക്ഷിച്ചിരിക്കുന്നു. ഈ പദ്ധതി നാളിതുവരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

ആയതിനാൽ, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി കേന്ദ്ര- സംസ്ഥാന സർക്കാറുകളുടെ നിർദേശങ്ങളനുസരിച്ച് യൂണിറ്റ് പ്രവർത്തനക്ഷമമാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-16 പദ്ധതി മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിക്കുന്നില്ല

മോണിറ്ററിംഗ് സംബന്ധിച്ച് പദ്ധതി മാർഗ്ഗരേഖയുടെ (സർക്കാർ ഉത്തരവ് (കൈ) 11/2018 ത.സ്വ.ഭ.വ. തീയതി 29.01.2018) ഖണ്ഡിക 13 അനുസരിച്ച് വർക്കിംങ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണം. മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതാണ്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിറ്റ്സ് പരിശോധിച്ചതിൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ നടന്നിട്ടില്ല എന്നും കണ്ടു. വർക്കിംഗ് ഗ്രൂപ്പുകൾ 2 പ്രാവശ്യം വീതം യോഗം കൂടിയിട്ടുണ്ടെങ്കിലും പദ്ധതി നിർദ്ദേശങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പദ്ധതി നടത്തിപ്പിൽ മോണിറ്ററിംഗ് സംബന്ധിച്ച വിശദമായ റിപ്പോർട്ടില്ല.

പദ്ധതിയുടെ ഫലപ്രദവും സുതാര്യവുമായ നിർവ്വഹണം പ്രാപ്തമാകണമെങ്കിൽ ശരിയായ രീതിയിലുള്ള മോണിറ്ററിംഗ് ആവശ്യമാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കുന്നതിന് മോണിറ്ററിംഗ് സമിതികൾ, സ്റ്റാൻഡിംഗ് കമ്മിറ്റികൾ, ഭരണസമിതി എന്നിവയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-17 CDPO നിർവഹിച്ച പദ്ധതികൾ-

# അപാകങ്ങൾ സംബന്ധിച്ച്

ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകളുടെ നിർവ്വഹണ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

1 <u>പ്രോജക്ട് നമ്പർ-120/19</u>

അടങ്കൽ-217900(പ്ലാൻ എസ് സി പി)

ചെലവ്-217900 ബിൽ നമ്പർ 11/18-19 തീയതി 21.12.2018

തുക കൈപ്പറ്റിയത്-Top gear Hero Thodupuzha-A/C No-032508000000410

പദ്ധതി-ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ നൽകൽ(എസ് സി)

മേൽ പദ്ധതി പ്രകാരം 3 എസ് സി ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം വിതരണം ചെയ്തത്. വാഹനത്തിന്റെ വില, ടാക്സ്, ഇൻഷ്വറൻസ് എന്നിവക്കെല്ലാമായാണ് തുക ചെലവഴിച്ചത്. വാഹനം ഗുണഭോക്താക്കളുടെ പേരിൽ രജിസ്റ്റർ ചെയ്തതിന്റേയും, ടാക്സ്, ഇൻഷ്വറൻസ് എന്നിവ അടച്ചതിന്റേയും വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെയാണ് ആനുകൂല്യം ലഭിച്ചിരിക്കുന്നത് എന്ന് ഉറപ്പുവരുത്തുവാൻ കഴിഞ്ഞിട്ടില്ല. രേഖകൾ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

ഗുണഭോക്താക്കളുടെ പേരു വിവരം

1 ജിതിൻകൃഷ്ണ.കെ.ടി. കുറവരുതൊടി ഹൗസ്, കൊട്ടുമുണ്ട പിഒ

2 ലാലുദാസ്.എ.പി. അത്തിക്കപ്പറമ്പിൽ ഹൗസ്, മുതുതല പിഒ

3 റിബിഷ പി.പി. പയ്യൂർപ്പടി ഹൗസ്, പടിഞ്ഞാറേ കൊട്ടുമുണ്ട, പരുതൂർ

**<u>2 പ്രോജക്ട് നമ്പർ-29/19</u>**

അടങ്കൽ-260800(പ്ലാൻ ജനറൽ)

ചെലവ്-260800 ട്രഷറി ബിൽ നമ്പർ 3/18-19 തീയതി 27.9.2018

തുക കൈപ്പറ്റിയത്-Topgear Hero Thodupuzha-A/C No-032508000000410

പദ്ധതി-ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ (വനിത)

മേൽ പദ്ധതി പ്രകാരം 4 വനിതകളാണ് ഗുണഭോക്താക്കൾ. ടി ഗുണഭോക്താക്കൾക്കു തന്നെയാണ് വിഹിതം നൽകിയത് എന്ന് ഉറപ്പാക്കുന്ന വാഹന രജിസ്ട്രേഷൻ, ടാക്സ്, ഇൻഷ്വറൻസ് എന്നിവ അടവാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ ചെലവുതുക തടസ്സപ്പെടുത്തുന്നു.

<u>ഗുണഭോക്താക്കൾ</u>

1 രുഗ്മിണി, തെക്കേപ്പാട്ട്, മുടപ്പക്കാട്, പരുതൂർ

2 നളിനി.ബി. പാറക്കൽ ഹൗസ്, കീഴ്മുറി, വിയറ്റ്നാംപടി

3 റംലത്ത്, മാണിതൊടി ഹൗസ്, നാട്യമംഗലം, ചുണ്ടമ്പറ്റ, കുലുക്കല്ലൂർ

4 ഷെഹർബാൻ, ചോലയിൽ ഹൗസ്, നടുവട്ടം പി.ഒ, തിരുവേഗപ്പുറ

3 <u>പ്രോജക്ട് നമ്പർ-28/19</u>

അടങ്കൽ-1117280(പ്ലാൻ ജനറൽ)

ചെലവ്-1117280 ട്രഷറി ബിൽ നമ്പർ 2/18-19 തീയതി 27.9.2018

തുക കൈപ്പറ്റിയത്-Topgear Hero Thodupuzha-A/C No-032508000000410

പദ്ധതി-ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ (ജനറൽ)

ടി പദ്ധതിയിൽ 17 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം വിതരണം ചെയ്തത്. ഗുണഭോക്താക്കൾക്കു തന്നെയാണ് വിഹിതം ലഭിച്ചിരിക്കുന്നത് എന്ന് ഉറപ്പാക്കുന്നതിന് വാഹന രജിസ്ട്രേഷൻ, ടാക്സ്, ഇൻഷ്വറൻസ് എന്നിവ അടച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ ചെലവുതുക തടസ്സപ്പെടുത്തുന്നു.

<u>ഗുണഭോക്താക്കൾ</u>

1 ആലിപ്പു, പടിഞ്ഞാറേ മുണ്ടുകാട്ടിൽ, ചുണ്ടമ്പറ്റ, കുലുക്കല്ലൂർ

2 അബ്ദുൾറഹ്മാൻ, മാടത്തിനകത്ത്, കൊട്ടുമുണ്ട, പട്ടാമ്പി

3 റഷീദ്.ടി താഴത്തേതിൽ വീട്, ചേരിക്കല്ല്, വാടാനാംകുറിശ്ശി

4 അജയ്കുമാർ, തളിയത്ത് ഹൗസ്, എടപ്പലം, നടുവട്ടം

5 അരുൺ.എൻ.പി. നാറാണത്തുപറമ്പിൽ വീട്, നടുവട്ടം

6 ഫൈസൽ.കെ.പി. കൊള്ളിപറമ്പിൽ വീട്, തിരുവേഗപ്പുറ

7 മുഹമ്മദ് അനീസ്, കല്ലാട്ടിൽ ഹൗസ്, എരവത്ര, കുലുക്കല്ലൂർ

8 ആനന്ദൻ.വി. പുത്തൂർ ഹൗസ്, വിളത്തൂർ, തിരുവേഗപ്പുറ

9 ആലി.സി.പി. ചകിരിയംപറമ്പിൽ, എടപ്പലം, നടുവട്ടം

10 മണികണ്ഠൻ, ആനയംകുന്ന് പറമ്പിൽ, മേൽമുറി, കൊപ്പം

11 സിദ്ദിഖ് എം മുല്ലശ്ശേരി വീട്, കള്ളാടിപ്പറ്റ

12 ഇബ്രാഹിം.പി. പുളിക്കൽ വീട്, മഞ്ഞളുങ്കൽ, കള്ളാടിപ്പറ്റ

13 സെയ്തലവി, പ്ലാത്തൊടി, ചെമ്പ്ര, തിരുവേഗപ്പുറ

14 നിസാർ, കളത്തിങ്കൽ ഹൗസ്, പെരുമുടിയൂർ

15 രാമചന്ദ്രൻ, പട്ടത്ത് ഹൗസ്, കൊണ്ടൂർക്കര പി.ഒ, ഓങ്ങല്ലൂർ

16 ഉണ്ണികൃഷ്ണൻ, കോതേത്ത്, കാട്ടാളത്ത് വീട്, കള്ളാടിപ്പറ്റ

17 അഹമ്മദുൾ കബീർ, നെടുങ്ങാട്ടിൽ ഹൗസ്, തിരുവേഗപ്പുറ

സൈഡ് വീലോടുകൂടിയ സ്കൂട്ടർ വിതരണം എന്ന ഒരേ ഇനം പദ്ധതി നടത്തിപ്പിനായി 3 വ്യത്യസ്ത ടെണ്ടർ നടപടികൾ സ്വീകരിച്ചത് ശരിയായ നടപടിക്രമം അല്ല. ഗുണഭോക്താക്കളുടെ അർഹതയ്ക്ക് അടിസ്ഥാനമായ ജാതി സർട്ടിഫിക്കറ്റ്, മുമ്പ് ഇതേ ആനുകൂല്യം നൽകിയിട്ടില്ലെന്ന സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കാത്തവർക്ക് ആനുകൂല്യം നൽകൽ എന്നിവ ടി പദ്ധതി നടത്തിപ്പിൽ കണ്ടു. മേൽ പറഞ്ഞ അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ ( നമ്പർ 6/ 26.11.2018) ത്തിന് മറുപടി സമർപ്പിച്ചില്ല. ആയതിനാൽ മേൽ പറഞ്ഞ രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

# 1-18 പദ്ധതി നിർവ്വഹണത്തിനു വേണ്ടി വിവിധ ഏജൻസികൾക്ക് കൈമാറിയ തുകകൾ- വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കണം

2018-19 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നടപ്പിലാക്കിയ ചില പ്രൊജക്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ പറയുന്നു. ഈ പ്രൊജക്ടുകളുമായി ബന്ധപ്പെട്ട് താഴെ കൊടുത്ത പട്ടിക കോളം നമ്പർ -6 ൽ പറയുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | പ്രൊജ. നമ്പർ | പ്രൊജക്ടിന്റെ പേര് | ചെലവ് തുക<br>ബിൽ നം, തീയ്യതി | പ്രൊജക്ട് നിർവഹിക്കാൻ ചുമതലപ്പെടുത്തപ്പെട്ട ഏജൻസിയുടെ പേരും, തുകയും ബാങ്ക് അക്കൗണ്ട് നമ്പറും | പരിശോധനയ്ക്ക് ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|---|
| 1 | 30/19 | കൊപ്പം ഗ്രാമ പഞ്ചായത്തിലെ പട്ടിക വർഗ്ഗ കുടുംബങ്ങളുടെ സമഗ്ര വികസനത്തിന് പഞ്ചായത്തിന് തുക കൈമാറൽ | 244000/- (TSP)<br>(1) Bill No. 60/10.8.18<br>തുക- 162666<br>(2) 88/15.12.19<br>തുക- 81334/- | കൊപ്പം ഗ്രാമ പഞ്ചായത്ത്<br>STSB NO. 799011400001545 | കൊപ്പം ഗ്രാമ പഞ്ചായത്തിന് കൈമാറിയഈ തുകയിൽ 6000രൂപ ചെലവഴിച്ചെന്നും ബാക്കി 23800 രൂപ തിരിച്ചട ച്ചെന്നും കത്ത് നം. A13049/19 Dated, 16.11.19 പ്രകാരം അറിയിച്ചിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| | | | | | എന്നാൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും , തിരിച്ചടച്ച തുകയുടെ സാക്ഷ്യപ്പെടുത്തിയ ചലാൻ പകർപ്പും ഹാജരാക്കണം. |
| 2 | 98/19 | മപ്പാട്ടു കര- ചിറക്കൽ മുക്ക് കുടിവെള്ള പദ്ധതി | 7,50,000/- Bill No. 73/19 Dated, 12.10.18 | KWA A/C No. 67150213827 | ധന വിനിയോഗ സാക്ഷ്യപത്രം |
| 3 | 176/19 | അനിമൽ ബർത്ത് കൺട്രോൾ - ജില്ലാ പഞ്ചായത്തിന് തുക കൈമാറൽ | 500000/- Bill NO. 61/10.8.18 | സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, പാലക്കാട് | ധന വിനിയോഗ സാക്ഷ്യപത്രം. |
| 4 | 189/19 | കളത്തിൽ പടി - മനക്കൽ തൊടി കുടിവെള്ള പദ്ധതി | 500000/- Bill No.75/19 Dated, 12.10.2018 | KWA A/C No. 67150213827 | ധന വിനിയോഗ സാക്ഷ്യപത്രം/ ചെലവു പുരോഗതി സാക്ഷ്യപത്രം. |

മേൽ പറഞ്ഞ രേഖകൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 5/25.11.19 നമ്പർ ഓഡിറ്റ് അന്വേഷണത്തിന്, വിനിയോഗ സാക്ഷ്യപത്രങ്ങൾ ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് സമർപ്പിക്കുന്നതാണെന്ന് ബ്ലോക്ക് പഞ്ചായത്ത് മറുപടി നൽകി. മറുപടി അംഗീകരിക്കുന്നു. ആയവ ലഭിക്കുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## ഭാഗം – 2

**-പരാമർശങ്ങൾ ഇല്ല-**

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 3-1 ട്രെയ്നിംഗ്-കം- ഫെസിലിറ്റേഷൻ സെന്ററിലേക്ക് തൊഴിലുപകരണങ്ങൾ, കമ്പ്യൂട്ടർ, ഫർണിച്ചർ എന്നിവ വാങ്ങൽ- നിഷ്ഫലമായ ചെലവ് -600500 രൂപ തിരിച്ചടക്കണം.

"ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന ഫെസിലിറ്റേഷൻ -കം- ട്രൈനിംഗ് സെന്ററിലേക്ക് ഫർണിച്ചറുകളും മെഷിനുകളും വാങ്ങൽ "എന്ന പേരിൽ 2018-19 സാമ്പത്തിക വർഷത്തിൽ എസ്.സി ഫണ്ടുപയോഗിച്ച് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ പദ്ധതിയാണിത്. നിലവിൽ പ്രവർത്തന രഹിതമായ പരിശീലന കേന്ദ്രത്തിലേക്കാണ് (*ട്രൈനിംഗ്- കം-ഫെസിലിറ്റേഷൻ സെന്റർ*) 18 ലക്ഷത്തിൽ പരം രൂപ ചെലവഴിച്ച് വിവിധ സാമഗ്രികൾ വാങ്ങി പാക്കറ്റ് പോലും പൊട്ടിക്കാതെ പല കെട്ടിടങ്ങളിൽ സൂക്ഷിച്ചിരിക്കുന്നത്.





*ട്രൈനിംഗ്- കം-ഫെസിലിറ്റേഷൻ സെന്ററിന്റെ പ്രവേശന കവാടം-*

*ട്രൈനിംഗ്- കം-ഫെസിലിറ്റേഷൻ സെന്ററിന്റെ ഉൾവശം*



പ്രൊജക്റ്റ് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

- **പ്രൊജക്റ്റ്- സംക്ഷിപ്ത വിവരങ്ങൾ**

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 214/19 |
| പ്രൊജക്റ്റിന്റെ പേര് | ട്രെയ്നിംഗ്- കം- ഫെസിലിറ്റേഷൻ സെന്ററിലേക്ക് കമ്പ്യൂട്ടർ, തയ്യൽ മെഷീൻ, ഫർണിച്ചർ എന്നിവ വാങ്ങൽ |
| അടങ്കൽ തുക | 1999581/- (SC ഫണ്ട്) |
| ചെലവ്- 1885797/- രൂപ | Bill No. 108/19 Dated, 16.3.19- 712900/- രൂപ<br>Bill No. 109/19 Dated 21.3.19<br>600500 രൂപ<br>Bill No.111/19 Dated, 21.3.19<br>41327 രൂപ |

| | |
|---|---|
| | Bill No.113/19 Dated, 21.3.19<br><br>531070/-രൂപ |
| നിർവഹണോദ്യോഗസ്ഥൻ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| സാധന- സേവന സമാഹരണക്കമ്മിറ്റി തീരുമാനം നമ്പർ, തീയ്യതി | തീരുമാനം നമ്പർ 1, തീയ്യതി 25.02.2019 |
| ടെൻഡർ രീതി | ഇ- ടെൻഡർ |

എസ്.സി.വനിതകൾക്ക് <u>കമ്പ്യൂട്ടർ, തയ്യൽ എന്നിവയിൽ പരിശീലനം നൽകുന്നതിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുക എന്നതാണ്പദ്ധതി ലക്ഷ്യം.</u> പദ്ധതി പ്രകാരം 3 ഇനം ഉപകരണങ്ങളാണ് വാങ്ങിയിട്ടുള്ളത്.

<u>**പ്രൊജക്റ്റ് പ്രകാരം വാങ്ങിയ ഉപകരണങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ**</u>

**(a) <u>തയ്യൽ മെഷീനും അനുബന്ധ ഉപകരണങ്ങളും</u>**

ഇ-ടെണ്ടർ നടപടിക്രമങ്ങൾ പ്രകാരം അപ്സര പരിശീലന കേന്ദ്രം ഉമ്മനഴി, പുലാപ്പറ്റ, കെ.സി. പാപ്പ സൺസ് തൃശ്ശൂർ എന്നീ രണ്ട് വിതരണക്കാർ മാത്രമാണ് ടെൻഡർ സമർപ്പിച്ചത്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ഇനിപറയുന്നു.

| | |
|---|---|
| ടെൻഡർ നൽകപ്പെട്ട സ്ഥാപനം | കെ.സി. പാപ്പ സൺസ് , തൃശ്ശൂർ |
| ടെൻഡർ തുക | 712900/- |
| സപ്ലൈ ഓർഡർ നമ്പർ | സി. 25/2019 Dated 06.03.2019 |
| ഉപകരണങ്ങൾ സപ്ലൈ -<br><br>ഇൻവോയ്സ് നമ്പറും , തുകയും | (1) No.17854/Dated 14.3.2019- 4,66,000/-<br><br>(2) No. 17855/Dated14.3.2019 – 11 6 900/-<br><br>(3) No. 17863/ Dated14.3.2019- 30,000/-<br><br>(4) No. 17894/Dated14.3.2019 100000/ |
| ടെൻഡറുടെ ബാങ്ക് അക്കൗണ്ട് നമ്പർ | ICIC0000010- 001005006175 |





*തയ്യൽ മെഷീനുകളും അനുബന്ധ ഉപകരണങ്ങളും ഉപയോഗിക്കാതെ അട്ടിവെച്ച നിലയിൽ*

## (b) കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും

വിശ്വാസ് കമ്പ്യൂട്ടേഴ്സ്, വിശ്വാസ് കെയർ എന്നീ രണ്ട് വിതരണക്കാർ മാത്രമാണ് ടെൻഡർ സമർപ്പിച്ചത്. ടെൻഡർ പ്രകാരം വിതരണക്കാർ ക്വാട്ട് ചെയ്ത തുകയും ഉപകരണത്തിന്റെ സ്പെസിഫിക്കേഷനും സംബന്ധിച്ച വിശദാംശങ്ങൾ ഇനി പറയുന്നു.

<table>
<tr><th rowspan="2">ക്രമ നം</th><th rowspan="2">ഉപകരണത്തിന്റെ പേര്</th><th rowspan="2">എണ്ണം</th><th colspan="2">ക്വാട്ട് ചെയ്ത സ്ഥാപനങ്ങളും നിരക്കുകളും</th></tr>
<tr><th>വിശ്വാസ് കമ്പ്യൂട്ടേഴ്സ്,</th><th>വിശ്വാസ് കെയർ</th></tr>
<tr><td>1</td><td>Branded PC ACER VERTONE<br><br>Inter cor i3/Ram 4GB/HDD 1 TB/Monitor 18.5/ DVDR/KB/Mouse/ Integrated Audio/ Vedeo Audio& Mic Os Windows -3 Year warranty</td><td>10</td><td>515000/-</td><td>550000/-</td></tr>
<tr><td>2</td><td>Computre Table</td><td>10</td><td>75000/-</td><td>80000/-</td></tr>
<tr><td>3</td><td>Colour Printer ( Colour)</td><td>1</td><td>10500/-</td><td>10900/-</td></tr>
<tr><td colspan="3">ആകെ തുക</td><td>600500/-</td><td>640900/-</td></tr>
<tr><td colspan="2">ടെൻഡർ സ്വീകരിക്കപ്പെട്ട സ്ഥാപനം</td><td colspan="3">വിശ്വാസ് കമ്പ്യൂട്ടേഴ്സ്, I- നില, കെ.എസ്. ബിൽഡിംഗ്, വടക്കഞ്ചേരി റോഡ്, കുന്നംകുളം</td></tr>
<tr><td colspan="2">ടെൻഡർ തുക</td><td colspan="3">600500/- ( കേന്ദ്ര – സംസ്ഥാന ചരക്ക- സേവന നികുതിയുൾപ്പെടെ)</td></tr>
<tr><td colspan="2">സപ്ലൈ ഓർഡർ നമ്പർ</td><td colspan="3">സി. 25/2019 Dated 06.03.2019</td></tr>
<tr><td colspan="2">ഇൻവോയ്സ് നമ്പരും, തീയ്യതിയും</td><td colspan="3">B2C Invioce NO.8443/Dated16.3.19</td></tr>
<tr><td colspan="2">ട്രഷറി ബിൽ നമ്പറും, തുകയും</td><td colspan="3">109/19Dated 16.3.19 തുക - 600500/-</td></tr>
</table>






*പരിശീലനം നൽകുന്നതിനു വേണ്ടി വാങ്ങിയ കമ്പ്യൂട്ടറുകൾ , കമ്പ്യൂട്ടർ മേശകൾ എന്നിവ കെട്ടു പൊട്ടിക്കാത്ത നിലയിൽ*

**(C) <u>സെന്ററിലേക്കാവശ്യമായ ഫർണിച്ചർ വാങ്ങൽ</u>**

2.3. 19 ന് ചേർന്ന ഭരണ സമിതിയോഗത്തിന്റെ 1/2 നമ്പർ തീരുമാന പ്രകാരം ബ്ലോക്ക് ഓഫീസിൽ പ്രവർത്തിക്കുന്ന ഫെസിലിറ്റേഷൻ- കം- ട്രൈനിംഗ് സെന്ററിലേക്ക് വാങ്ങിയ കമ്പ്യൂട്ടർ, തയ്യൽ മെഷീൻ എന്നിവയുടെ ടെൻഡർ സേവിംഗ്സ് ഉപയോഗിച്ച് അതേ പ്രൊജക്ടിലേക്കാവശ്യമായ ഫർണിച്ചർ, പ്രൊജക്ട് തുകയിൽ അധികരിക്കാത്ത വിധത്തിൽ ആവശ്യാനുസരണം SIDCO യിൽ നിന്ന് വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം നമ്പർ | തീരുമാനം നമ്പർ 1<br>തീയ്യതി.25.02.2019 |
| I.ഇൻവോയ്സ് നമ്പർ , തീയ്യതി | MJRI1/18-19<br>/0431 Dated 19.3.19 |
| ഇൻവോയ്സിൽ കാണിച്ചിരിക്കുന്ന സാധനങ്ങളുടെ വിശദാംശങ്ങൾ | (1) Steel Book Shelf<br>3എണ്ണം –<br>തുക- 30777/-<br><br>(2) Pre- Laminated Board |

| | |
|---|---|
| | Table 1എണ്ണം-1<br>8742/-<br><br>(3) Steel Jefferson<br>Chair 100 എണ്ണം-<br>352500/-<br><br>(4) Revolving Chair,<br>Modern Back with Push Back<br>5976/ |
| ആകെ തുക | **4,81434/-** കേന്ദ്ര –<br>സംസ്ഥാന<br>ചരക്കു- സേവന<br>നികുതിയുൾപ്പെടെ) |
| **II.ഇൻവോയ്സ് നമ്പർ, തീയ്യതി** | MJRI1/18-19 /0424<br>Dated 19.3.19 |
| ഇൻവോയ്സിൽ കാണിച്ചിരിക്കുന്ന സാധനങ്ങളുടെ വിശദാംശങ്ങൾ | (1) Hardwood lab Table<br>with six legs-<br><br>180x90x90-2 എണ്ണം-<br>26146/-<br><br>(2) Harwood<br>Stool<br>45x45x45 –25 എണ്ണം-<br><br>45475/-<br><br>(3) Steel Table<br>with One<br>Cup-Board and One<br>Drawer 18 m<br>laminated board<br>top<br>120x60x75cm<br><br>5466/- |
| ആകെ തുക | 90963/- കേന്ദ്ര –<br>സംസ്ഥാന<br>ചരക്കു- സേവന<br>നികുതിയുൾപ്പെടെ) |
| സിഡ്കോയ്ക്ക് ആകെ നൽകിയ തുക | 4,81434+ 90963<br>= **572397/-**<br><br>( 531070, 41327<br>എന്നീ<br>രണ്ട് തുകകളായി SIDCO ക്ക്<br>നൽകിയത്) |





*ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിന്റെ വരാന്തയിൽ സൂക്ഷിച്ചിരിക്കുന്ന തയ്യൽ കട്ടിംഗ് മേശകൾ, തയ്യൽ മെഷീൻ സ്റ്റൂളുകൾ മുതലായവ*

മേൽ പറഞ്ഞ പ്രൊജക്റ്റിന്റെ നിർവഹണം സംബന്ധിച്ച രേഖകളുടെയും, ഉപകരണങ്ങളുടെയും ഭൗതിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. "ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന ഫെസിലിറ്റേഷൻ ട്രെയ്നിംഗ് സെന്ററിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന്" എന്നാണ് പ്രൊജക്റ്റിന്റെ പേരെങ്കിലും അത്തരമൊരു സ്ഥാപനം നിലവിലില്ല.
2. സാധന - സേവന സമാഹരണക്കമ്മിറ്റിയുടെ 25.02.2019-ലെ ഒന്നാം നമ്പർ തീരുമാനമനുസരിച്ച് എസ്.സി. വനിതകൾക്ക് തയ്യൽ, കമ്പ്യൂട്ടർ എന്നിവയിൽ പരിശീലനം നൽകുന്നതിനാണ് മേൽ പറഞ്ഞ ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. എന്നാൽ പതിമൂന്നാം പഞ്ചവത്സര പദ്ധതി - സബ്സിഡി ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ രേഖ- സ.ഉ ( കൈ) നമ്പർ 22/2018 . ത.സ്വ.ഭ.വ. തീയ്യതി 14.2.2018 ഖണ്ഡിക 8.5 പ്രകാരം സ്വയം തൊഴിൽ ആരംഭിക്കുന്നതിന്റെ ഭാഗമായി പ്രത്യേകം പറഞ്ഞിരിക്കുന്ന നിബന്ധനകൾ പാലിച്ച് മാത്രമേ പരിശീലന പദ്ധതികൾ ഏറ്റെടുക്കാവൂ. പരിശീലനത്തിന് മാത്രമായി പ്രൊജക്റ്റുകൾ ഏറ്റെടുക്കാവുന്നതല്ല. പരിശീലനത്തിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനു മുമ്പ് പദ്ധതി മാർഗ്ഗ രേഖ പ്രകാരമുള്ള നിബന്ധനകൾ പ്രകാരം യോഗ്യരായ വ്യക്തിഗത

ഗുണഭോക്താക്കളേയോ ഗ്രൂപ്പുകളേയോ കണ്ടെത്തുകയോ തെരഞ്ഞെടുക്കുകയോ ചെയ്യാതെ ഉപകരണങ്ങളും മെഷിനറികളും വാങ്ങി കെട്ടു പോലും പൊട്ടിക്കാതെ പഴയ ഒരു കെട്ടിടത്തിന്റെ മുകൾ നിലയിൽ സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളതെന്ന് ഭൗതിക പരിശോധനയിൽ കണ്ടെത്തി. സബ്സിഡി മാർഗ്ഗരേഖയും ഇത് സംബന്ധിച്ച് നിലവിലുള്ള നിബന്ധനകളും ഉറപ്പു വരുത്താതെ പർച്ചേസ് മാത്രം നടത്തിയതിനാൽ ഉപകരണങ്ങൾ നിഷ്ക്രിയാവസ്ഥയിൽ തുടരുകയാണ്.

3. പതിമൂന്നാം പഞ്ചവത്സര പദ്ധതി - വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ രേഖ- സ.ഉ ( കൈ) നം. 11/2018 . ത.സ്വ.ഭ.വ, തീയ്യതി 29.01.2018 ഖണ്ഡിക 7.4.3 – ക്രമ നം. 1 ൽ തൊഴിൽ സംരംഭക ഗ്രൂപ്പുകളിലെ 18 നും 50 നും ഇടയിൽ പ്രായമുള്ള അംഗങ്ങൾക്ക്, അവർ ഏർപ്പെട്ടിട്ടുള്ള തൊഴിൽ മേഖലകളിലാണ് പരിശീലനം നൽകേണ്ടതെന്ന് പറഞ്ഞിട്ടുണ്ട്. ഇതേ ഖണ്ഡിക, ക്രമ നമ്പർ (2) പ്രകാരം പരിശീലനം നേടാൻ താൽപര്യമുള്ളവർ, പ്രായം, വിദ്യാഭ്യാസ യോഗ്യത, പരിശീലനം ആവശ്യമുള്ള മേഖല എന്നിവ വ്യക്തമാക്കി ഗ്രാമ പഞ്ചായത്തിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. ഖണ്ഡിക 11.3 ൽ പറഞ്ഞതനുസരിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാക്കി കുറ്റമറ്റ ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമ പഞ്ചായത്തുകൾ ബ്ലോക്ക് പഞ്ചായത്തിന് കൈമാറുകയും വേണം . ടി നടപടി ക്രമങ്ങളൊന്നും തന്നെ പൂർത്തിയാക്കിയിട്ടില്ല.
4. പതിമൂന്നാം പഞ്ചവത്സര പദ്ധതി - സബ്സിഡി ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ രേഖ- സ.ഉ ( കൈ) നം. 22/2018 . ത.സ്വ.ഭ.വ. തീയ്യതി 14.2.2018 ഖണ്ഡിക 8.5 പ്രകാരം, കമ്പ്യൂട്ടർ പരിശീലന പരിപാടികൾ ഏറ്റെടുക്കാൻ പാടില്ല. എന്നാൽ ഈ നിർദേശത്തിനു വിരുദ്ധമായി 10 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയ നടപടി ക്രമപ്രകാരമല്ല. ഇക്കാര്യത്തിനായി വാങ്ങിയ കമ്പ്യൂട്ടറുകളും,10 കമ്പ്യൂട്ടർ മേശകളും കെട്ടു പൊട്ടിക്കാതെ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ പല ഭാഗങ്ങളിലായി സൂക്ഷിച്ചിരിക്കുന്നതായി കണ്ടെത്തി.
5. ഈ പ്രൊജക്ട് പ്രകാരം വാങ്ങിയ മുഴുവൻ വസ്തുക്കളും സ്റ്റോറുകളും സ്റ്റോക്കിലെടുത്തിട്ടില്ല. മെഷിനറികൾ ഭൂരിഭാഗവും കെട്ടു പൊട്ടിക്കാതെ ബ്ലോക്ക് കോമ്പൗണ്ടിലുള്ള പല കെട്ടിടങ്ങളിലായി കുന്നുകൂട്ടിയിട്ടിരിക്കുകയാണ്. കമ്പ്യൂട്ടർ പോലുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾ പ്രവർത്തന രഹിതമായ നിലയിൽ ദീർഘകാലം സൂക്ഷിക്കുമ്പോൾ അവ ഉപയോഗ രഹിതമായി മാറാൻ സാധ്യതയുണ്ട്. മാത്രമല്ല ടി ഉപകരണങ്ങളുടെ വാറന്റി കാലയളവിൽ സ്വാഭാവികമായും ലഭിക്കേണ്ട വിൽപനനാന്തര സേവനവും സുരക്ഷയും നഷ്ടമാവുകയും ചെയ്യുന്നതാണ്.
6. പതിമൂന്നാം പഞ്ചവത്സര പദ്ധതി - വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ രേഖ- സ.ഉ ( കൈ) നമ്പർ 11/2018 . ത.സ്വ.ഭ.വ, തീയ്യതി 29.01.2018 ഖണ്ഡിക 3.8.3- ൽ പ്രൊജക്ടുകൾ വെറ്റ് ചെയ്യുന്ന ഓഫീസർമാരുടെ മുഖ്യ ചുമതലകൾ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. അത് പ്രകാരം പ്രൊജക്ടിന്റെ സൂക്ഷ്മപരിശോധനാ വേളയിൽ ഈ പ്രൊജക്ട് മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെന്നും ആസൂത്രണ മാർഗ്ഗ രേഖയിലും, സബ്സിഡി മാനദണ്ഡങ്ങളിലും വ്യക്തമാക്കിയിട്ടുള്ള വ്യവസ്ഥകളും നിർദ്ദേശങ്ങളും പാലിച്ചു കൊണ്ടാണ് പ്രൊജക്ട് തയ്യാറാക്കിയിരിക്കുന്നത് എന്നതും ഉറപ്പു വരുത്തേണ്ടതുണ്ട്. എന്നാൽ ആയത് ഉറപ്പു വരുത്തിയതായി കാണുന്നില്ല.

7. സിഡ്കോയുടെ ഇൻവോയ്സ് നമ്പർ MJRI/18-19/0431 തീയ്യതി 19.3. 19, ഇൻവോയ്സ് നമ്പർ MJRI/18-19/0424 തീയ്യതി.19.3.19 എന്നിവ പ്രകാരം 572397 രൂപ ചെലവഴിച്ച് വാങ്ങിയ (ട്രെയ്നിംഗ് സെന്ററിലെ ആവശ്യത്തിന്) ഫർണിച്ചറുകളിൽ, 100 കുഷ്യൻ കസേരകൾ (Steel Jefferson Chair Cushion seat & back with wooden writing pad ) ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന്റെ മുകൾ നിലയിലുള്ള കോൺഫറൻസ് ഹാളിലാണ് ഉപയോഗിക്കുന്നത്. ഈ ഹാളിൽ അതുവരെ ഉപയോഗിച്ചിരുന്ന ഫൈബർ കസേരകൾ, ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലെ MKSS ന്റെ ഉപയോഗശൂന്യമായ കെട്ടിടത്തിൽ കൂന്നുകൂട്ടിയിട്ടിരിക്കുന്നതായി ഭൗതിക പരിശോധനയിൽ കണ്ടെത്തി. 26146 രൂപ ചെലവിൽ തയ്യൽ പരിശീലനത്തിനു വേണ്ടി വാങ്ങിയ രണ്ട് കട്ടിംഗ് ടേബിളുകൾ ( hardwood Lab Table with 6legs 180x90x90) ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിന്റെ മുൻവശത്തെ വരാന്തയിൽ അട്ടിയിട്ടിരിക്കുന്നതായി കണ്ടെത്തി.

വിവിധ വർഷങ്ങളിൽ വിവിധ പ്രൊജക്ടുകൾ പ്രകാരം വാങ്ങുന്ന ഫർണിച്ചറുകളും മറ്റുപകരണങ്ങളും, വ്യക്തമായി തിരിച്ചറിയാനാകും വിധം നമ്പറിടുകയും, ഏത് ഉദ്ദേശത്തിനാണോ അവ വാങ്ങിയത് ആ ഉദ്ദേശങ്ങൾക്ക് ഉപയോഗിക്കുകയും ചെയ്യുന്ന കാര്യക്ഷമമായ ഒരു സംവിധാനം ബ്ലോക്ക് പഞ്ചായത്തിൽ നിലവിലില്ല. സ്റ്റോക്ക് രജിസ്റ്ററുകളും കാലികമല്ല. പ്രത്യേക ഉദ്ദേശങ്ങൾക്കു വേണ്ടി വാങ്ങിയ ഫർണിച്ചറുകളും, ഉപകരണങ്ങളും, ഓഫീസിലെ പല ഭാഗങ്ങളിൽ പല ആവശ്യങ്ങൾക്കുപയോഗിക്കുന്ന പ്രവണതയാണ് കണ്ടു വരുന്നത്. ഈ പ്രൊജക്ടിനു വേണ്ടി വാങ്ങിയ ബാക്കി ഫർണിച്ചറുകൾ പ്രത്യേകം തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ല. *2017-18 സാമ്പത്തിക വർഷത്തിൽ, ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന ക്യാന്റീനിലേക്ക് വാങ്ങിയ ഫർണിച്ചറുകൾ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടെത്തിയിരുന്നു. മാത്രമല്ല ടി പ്രൊജക്ട് പ്രകാരം വാങ്ങിയ കസേരകളിൽ 12 എണ്ണം വാങ്ങിയിട്ടില്ല എന്നു കണ്ടെത്തുകയും ചെയ്തിരുന്നു.*

തയ്യൽ പരിശീലനത്തിനു വേണ്ടി വാങ്ങിയ മെഷീനറികളിൽ ഇൻവോയ്സ് പ്രകാരമുള്ള അനുബന്ധ ഉപകരണങ്ങൾ വ്യക്തമായി തിരിച്ചറിയാനോ അവ ലഭ്യമായിട്ടുണ്ട് എന്നുറപ്പു വരുത്താനോ കഴിയാത്ത വിധമാണ് സാധനങ്ങൾ സൂക്ഷിച്ചിരിക്കുന്നത്.

സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പരിഗണിക്കുകയോ, ശാസ്ത്രീയമായി ആവശ്യകത നിർണയിക്കുകയോ, അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പു വരുത്തുകയോ ചെയ്യാതെ. ഉപകരണങ്ങളും ഫർണിച്ചറുകളും വാങ്ങുകയും അവ നിഷ്ക്രിയമായി, സുരക്ഷിതമല്ലാത്ത സാഹചര്യങ്ങളിൽ സൂക്ഷിക്കുകയും, വ്യക്തമായി "ഡോക്യുമെന്റ്" ചെയ്യപ്പെടാതിരിക്കുകയും ചെയ്യുന്നത് പൊതു ഫണ്ടിന്റെ ദുർവിനിയോഗമാണ്.

ഇതു സംബന്ധിച്ച് വിശദീകരണമാവശ്യപ്പെട്ടു കൊണ്ട് നൽകിയ 3/ 21.11.2019 – നമ്പർ ഓഡിറ്റ് അന്വേഷണത്തിന് താഴെ പറയും പ്രകാരം മറുപടി സമർപ്പിച്ചിട്ടുണ്ട്.

" ബ്ലോക്ക് പഞ്ചായത്തിന്റെ വനിതാ -ശിശു ഓഫീസറുടെ കീഴിൽ വനിതാ ശിശു - കുമാരിമാർക്കുള്ള ആരോഗ്യ- മാനസിക വികസന ക്ലാസ്സുകൾ നടന്നു വന്നിരുന്ന കെട്ടിടമാണ് ട്രെയ്നിംഗ് കം- ഫെസിലിറ്റേഷൻ കേന്ദ്രമായി പ്രൊജക്ടിൽ ചേർത്തിട്ടുള്ളത്. പരിശീലനം

തുടങ്ങുന്നതിനുള്ള ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനാലാണ് ഇപ്പോൾ പ്രസ്തുത കേന്ദ്രം പ്രവർത്തിക്കാത്തത്.
പട്ടികജാതി വനിതകൾക്ക് ഫാഷൻ ഡിസൈനിംഗിൽ പരിശീലനവും തൊഴിൽ യൂണിറ്റ് തുടങ്ങുന്നതിനുമുള്ള പ്രൊജക്ട് 2019-20 കാലയളവിൽ വെച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകളോട് ഗുണഭോക്തൃ ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ പ്രൊജക്ട് പ്രകാരം വാങ്ങിയ തയ്യൽ മെഷീൻ അനുബന്ധ വസ്തുക്കളുടെ സാങ്കേതിക നാമങ്ങൾ അറിയാത്തതുകൊണ്ടാണ് സ്റ്റോക്കിലെടുക്കാതിരുന്നത്. സാങ്കേതിക വിദഗ്ധന്റെ സഹായത്തോടെ എല്ലാ വസ്തുക്കളും സ്റ്റോക്കിലെടുക്കുന്നതാണ്.

ഗ്രാമപഞ്ചായത്തുകളിൽ ഗ്രേഡ് ചെയ്ത കുടുംബശ്രീ ഗ്രൂപ്പുകളിലെ താൽപ്പര്യമുള്ള SC അംഗങ്ങളെ ഉൾപ്പെടുത്തി appex ഗ്രൂപ്പുണ്ടാക്കി അവർക്ക് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നു. ഫാഷൻ ഡിസൈനിംഗ്, കമ്പ്യൂട്ടർ പരിശീലനം, ഉപകരണങ്ങൾക്ക് നിശ്ചിത വാടക ഈടാക്കിക്കൊണ്ട് ഒരു സ്ഥിരം പരിശീലന സംവിധാനം ഉണ്ടാക്കുക എന്നതും ലക്ഷ്യമാണ്. കെട്ടിടത്തിന്റെ ഫർണിഷിംഗ് പൂർത്തിയാക്കുമെന്നും അതിനു ശേഷം ഗ്രാമപഞ്ചായത്തിൽ നിന്നും ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുമെന്നും സെക്രട്ടറി അറിയിച്ചതായി പ്രൊജക്ട് നടപ്പാക്കിയ നിർവഹണോദ്യോഗസ്ഥ മറുപടിയിൽ പറഞ്ഞിട്ടുണ്ട്.

ഓട്ടോ കാഡ്, ആനിമേഷൻ എന്നിവയിൽ പരിശീലനം നൽകി സ്വന്തമായി സംരംഭം ആരംഭിക്കുന്നതിന് വേണ്ടിയാണ് കമ്പ്യൂട്ടറുകൾ വാങ്ങിയത്. 2019-20 വർഷത്തിൽ വനിതാ ഗ്രൂപ്പുകൾക്ക് ഇന്റർനെറ്റ് ബ്രൗസിംഗ് ആരംഭിക്കുന്നതിന് പ്രൊജക്ട് വെച്ചിട്ടുണ്ട്. ഫെസിലിറ്റേഷൻ കേന്ദ്രത്തിന്റെ, വയറിംഗ്, പെയിന്റിംഗ് ഉൾപ്പെടെയുള്ള പണികൾ നടക്കുന്നതിനാലാണ് വാങ്ങിയ സാധനങ്ങൾ കെട്ടു പൊട്ടിക്കാതെ സൂക്ഷിച്ചിട്ടുള്ളത്. കമ്പ്യൂട്ടർ പരിശീലനത്തിന് അനുമതിയില്ലാത്ത സാഹചര്യത്തിൽ ഈ കമ്പ്യൂട്ടറുകൾ ഉപയോഗിച്ച് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള Sc വനിതകൾക്ക് ഒരു ഇ-സേവന കേന്ദ്രം ആരംഭിക്കുന്നതിന് സർക്കാർ അനുമതിക്കായി ബ്ലോക്ക് പഞ്ചായത്ത് ശ്രമിക്കുന്നതാണ്. സാധനങ്ങൾ സ്റ്റോക്കിൽ എടുക്കുവാൻ ബാക്കിയുള്ളത് ഉടൻ തന്നെ സ്റ്റോക്കിലെടുക്കുന്നതാണ്. ഈ പ്രൊജക്ടുകളുമായി ബന്ധപ്പെട്ട് വാങ്ങിയ കുഷ്യൻ കസേരകളും കട്ടിംഗ് ടേബിളുകളും പരിശീലന കേന്ദ്രത്തിന്റെ പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് അങ്ങോട്ട് മാറ്റുന്നതാണ് ".

മേൽ പറഞ്ഞ പ്രകാരം നിർവഹണോദ്യോഗസ്ഥ സമർപ്പിച്ച മറുപടിയിലെ തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച പ്രവർത്തനങ്ങളിൽ പലതും ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളിൽ രൂപം കൊണ്ട് വരുന്നതേയുള്ളൂ. മറുപടിയിൽ പറയുന്ന പല പ്രവർത്തനങ്ങളുടേയും വിജയ സാധ്യത സംബന്ധിച്ച് യാതൊരുറപ്പുമില്ലെന്നിരിക്കെ ഭീമമായ തുകക്ക് ഉപകരണങ്ങൾ മുൻകൂട്ടി വാങ്ങിയത് പൊതു ഫണ്ടിന്റെ ദുർവിനിയോഗം തന്നെയാണെന്ന് വിലയിരുത്തുന്നു. 600500 രൂപ മുടക്കി വാങ്ങി പ്രവർത്തന രഹിതമായി സൂക്ഷിക്കുന്ന കമ്പ്യൂട്ടറുകൾ, കളർ പ്രിന്ററുകൾ എന്നിവ ഉപയോഗക്ഷമമാക്കുന്നതിന് സർക്കാർ അനുമതിക്കായി ശ്രമിക്കുമെന്നാണ് മറുപടിയിൽ പറയുന്നത്. പദ്ധതി മാർഗ്ഗരേഖക്കു വിധേയമായി അതിൽ പറയുന്ന എല്ലാ സൗകര്യങ്ങളും സജ്ജീകരിച്ചതിനു ശേഷം മാത്രം ചെയ്യേണ്ടിയിരുന്ന പർച്ചേസ് സാധൂകരിക്കത്തക്കതായ ലക്ഷ്യങ്ങളോ, വ്യക്തമായ ദിശാ ബോധമോ ദൂരക്കാഴ്ചയോ ഇല്ലാതെയാണ് നടത്തിയിട്ടുള്ളത്.

തയ്യൽ മെഷീനും അനുബന്ധ ഉപകരണങ്ങളും ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ ഇറക്കുന്ന സമയത്ത് തന്നെ ഇൻവോയ്സിൽ രേഖപ്പെടുത്തിയ എല്ലാ ഉപകരണങ്ങളും ലഭിച്ചിട്ടുണ്ടെന്ന് ഭൗതിക പരിശോധന നടത്തി ഉറപ്പ് വരുത്തുകയും ആയത് പരിശോധനാ ഉദ്യോഗസ്ഥൻ സർട്ടിഫൈ ചെയ്യുകയും അത് പ്രകാരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ട നിർബന്ധിത പ്രവൃത്തി സമയബന്ധിതമായി ചെയ്യേണ്ടതായിരുന്നു. അത് ചെയ്യാതിരുന്നതിനാൽ പണം നൽകപ്പെട്ട എല്ലാ ഉപകരണങ്ങളും ലഭിച്ചു എന്നുറപ്പ് വരുത്താനാകില്ല.

ആയതിനാൽ, പതിമൂന്നാം പഞ്ചവത്സര പദ്ധതി -സബ്സിഡി ധനസഹായം- അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ. (കൈ) നം. 22/2018 ത.സ്വ.ഭ.വ തീയ്യതി 14.2.2018 -ലെ – അുബന്ധ വിഷയങ്ങൾ ഖണ്ഡിക 8.5- നിർദേശങ്ങൾക്കു വിരുദ്ധമായി പരിശീലനം നൽകുന്നതിനു വേണ്ടിമാത്രം കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയ നടപടി അംഗീകരിക്കാൻ നിർവാഹമില്ല. മാത്രമല്ല, നിർമാതാക്കൾ നൽകുന്ന വിൽപ്പനാന്തര സുരക്ഷ കാലാവധിയും സൗജന്യ സേവന കാലാവധിയും അവസാനിക്കുന്നതിനു മുമ്പ് ഉപയോഗപ്പെടുത്താത്തതിനാലും ഇലക്ട്രോണിക് ഉപകരണങ്ങളായതിനാലും നിലവിൽ പ്രവർത്തന രഹിതമായ അവസ്ഥയിലാണെങ്കിൽ പൊതു ഫണ്ടിന് കനത്ത നഷ്ടം വരാൻ സാധ്യതയുണ്ട്. ആയതിനാൽ ഈയിനത്തിലെ 600500 രൂപയുടെ ചെലവ് നിരാകരിക്കുന്നു.ഈ തുക ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥയിൽനിന്നും ഈടാക്കേണ്ടതാണ്.

ആകെ ചെലവു സംഖ്യയായ 1885797/- രൂപയിൽ 712900 രൂപ ചെലവഴിച്ച് വാങ്ങിയ തയ്യൽ മെഷീനും അനുബന്ധ ഉപകരണങ്ങളും 572397 രൂപ ചെലവഴിച്ച് വാങ്ങിയ ഫർണിച്ചറും പദ്ധതി മാർഗ്ഗരേഖാ നിർദേശങ്ങൾക്കനുസരിച്ച് പ്രവർത്തനക്ഷമമാക്കുകയും ചെയ്യേണ്ടതാണ്. മേൽ പറഞ്ഞ നടപടികൾ പൂർത്തിയാക്കുന്നത് വരെ ഈയിനങ്ങളിലെ ചെലവു തുക 1285297/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

# 3-2 വിവിധ സ്കൂളുകളിൽ ബുക്കും ഷെൽഫും വാങ്ങി വിതരണം ചെയ്ത നടപടി - ചെലവു തുക 441700 രൂപ നിരാകരിക്കുന്നു

ഈ പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 188/19 |
| പ്രൊജക്ടിന്റെ പേര് | വിവിധ സ്കൂളുകളിൽ ബുക്ക് ഷെൽഫും പുസ്തകങ്ങളും വിതരണം ചെയ്യൽ- |
| അടങ്കൽ തുക | 613473/- |
| ഫണ്ടിനം | പൊതു വിഭാഗം- സാധാരണ വിഹിതം |
| ചെലവ് | 613473/- |

| | |
|---|---|
| ബിൽ വിശദാംശങ്ങൾ | Bill No.97/19 Dated, 23.1.19 –<br>തുക 572942/-<br>Bill No.101/19 Dated, 20.2.19<br>തുക- 40531/- |
| തുക നൽകിയത് സംബന്ധിച്ച വിശദാംശങ്ങൾ | **(1)** കേരള സ്റ്റേറ്റ് ബുക്ക് മാർക്ക്<br>(A/C No. 35106107208)<br>**270302/- രൂപ**<br>(Invoice No. KSBM 250/18<br>Dated,Nil)<br>Invoice No. (Invoice No.<br>KSBM 250/18<br>Dated,Nil)<br>**40531/- രൂപ**<br>(KSBM 265/19<br>Dated,18.1.19)<br>പുസ്തകങ്ങൾ വാങ്ങിയതിന്റെ വില<br>**(2)** SIDCO മഞ്ചേരി, മലപ്പുറം<br>Invoice No MJRI/18-19/0251<br>**302,640/- രൂപ**<br>(ഷെൽഫ് വാങ്ങി വിതരണം<br>ചെയ്തതിന്റെ വില)<br>ആകെ--613473/- |

മേൽ പദ്ധതി പ്രകാരം പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ, തെരഞ്ഞെടുക്കപ്പെട്ട 25 LP/ UP സ്കൂളുകൾക്ക് ഓരോ അലമാരകളും, 157 വീതം പുസ്തകങ്ങളും വിതരണം ചെയ്യുകയാണ് ചെയ്തിരിക്കുന്നത്. സ്കൂളുകളുടെ വിശദാംശങ്ങൾതാഴെ കൊടുക്കുന്നു.

1. സർക്കാർ ലോവർ പ്രൈമറി സ്കൂൾ,വാടാനാംകുറുശ്ശി

2. സർക്കാർ ലോവർ പ്രൈമറി സ്കൂൾ, കരിയന്നൂർ

3. സർക്കാർ വെൽഫയർ ലോവർ പ്രൈമറി സ്കൂൾ, പുലാശ്ശേരി

4. സർക്കാർ ലോവർ പ്രൈമറി സ്കൂൾ,കള്ളാടിപ്പറ്റ

5. സർക്കാർ അപ്പർ പ്രൈമറി സ്കൂൾ, ചുണ്ടമ്പറ്റ

6. സർക്കാർ ലോവർ പ്രൈമറി സ്കൂൾ, കണ്ടേങ്കാവ്

7. സർക്കാർ ലോവർ പ്രൈമറി സ്കൂൾ, .പരുതുർ

8. പി.വി.എ. എൽ.പി.എസ്, കുലുക്കല്ലൂർ

9. A.L.P.S കരിങ്ങനാട് സൗത്ത്

10 എ.യു.പി.എസ്.ആമയൂർ സൗത്ത്

11 എ.എം.എൽ.പി.എസ്. കൊണ്ടൂർക്കര

12 എ.എൽ.പി.എസ്. മരുതൂർ

13 എ.എം.യു.പിഎസ്.കാരക്കാട്

14 ബി.എസ്.എ.എൽ.പി.എസ്.കരിങ്ങനാട്.

15 എ.എൽ.പി.എസ്,ചുണ്ടമ്പറ്റ സൗത്ത്.

16 എ.എം.എൽ.പി.എസ്, തിരുവേഗപ്പുറ.

17 എ.എം.എൽ.പി.എസ്,കൈപ്പുറം.

18 എ.എം.എൽ.പി.എസ്, തെക്കുമ്മല

19 എ.എം.എൽ.പി.എസ്, നാട്യമംഗലം

20 എ.എൽ.പി.എസ്, ചെമ്പുലങ്ങാട്

21 എ.എം.എൽ.പി.എസ്, വിളത്തൂർ

22 എ.എൽ.പി.എസ്. പേരടിയൂർ

23 എ.എൽ.പി.എസ്, മേൽമുറി

24 സി.യു.പി.എസ്, ചെമ്പ്ര

25 കെ.എം.എൽ.പി. സ്കൂൾ, കരിങ്ങനാട്

മേൽ പറഞ്ഞ സ്കൂളുകളുടെ പട്ടികയിൽ, ക്രമനം. 8 മുതൽ 25 വരെയുള്ളവ എയ്ഡഡ് സ്കൂളുകളാണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ, സ.ഉ. 11/18 ത.സ്വ.ഭ.വ., തീയ്യതി. 29.1.18 -ലെ ഖണ്ഡിക നം. 7.6 -ലെ ഉപഖണ്ഡിക 8ൽ, എല്ലാ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡ പ്രകാരം യുറീനലുകളും ടോയ്‌ലറ്റും വാഷ്ബേസിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഏർപ്പെടുത്തിയതിനു ശേഷം എയിഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ് എന്ന് പറഞ്ഞിട്ടുണ്ട്. എയിഡഡ് സ്കൂളുകളുടെ കാര്യത്തിൽ, ഈയൊരു പ്രവൃത്തിക്ക് മാത്രമേ പൊതു ഫണ്ട് ഉപയോഗിക്കാൻ അനുമതിയുള്ളൂ. അതും മേൽ പറഞ്ഞ ഉപാധിക്ക് വിധേയമായി മാത്രം എന്നിരിക്കെ വികസന ഫണ്ടിൽ നിന്നും എയ്ഡഡ് സ്കൂളുകൾക്ക് ഈ സൗകര്യം ഒരുക്കുന്നതിനു വേണ്ടിയാണ് ചെലവിന്റെ ഭൂരിഭാഗവും ഉപയോഗപ്പെടുത്തിയിട്ടുള്ളത്.

(2) പതിമൂന്നാം പഞ്ചവത്സര പദ്ധതി- സബ്സിഡി മാർഗ്ഗരേഖ , സ.ഉ. (കൈ) 22/18 ത.സ്വ.ഭ.വ തീയ്യതി 14.02.2018 -ലെ ഖണ്ഡിക 2. -പൊതു നിബന്ധനകൾ - ഉപ ഖണ്ഡിക 2 പ്രകാരം, ഈ മാർഗ്ഗ രേഖയിൽ പ്രതിപാദിച്ചില്ലാത്ത ഏതെങ്കിലും ഇനത്തിന് സബ്സിഡി നൽകുന്നതിന് സർക്കാറിന്റെ മുൻകൂർ അനുമതിയാവശ്യമാണെന്ന് നിർദേശിച്ചിട്ടുണ്ട്.

(3) മേൽ പറഞ്ഞ ഉത്തരവിലെ ഖണ്ഡിക7.6-ലെ ഉപഖണ്ഡിക 10 പ്രകാരം, ഗ്രാമപഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള എൽ.പി, യു.പി സ്കൂളുകളുടെ പശ്ചാത്തല വികസന പ്രൊജക്ടുകൾ ഗ്രാമ പഞ്ചായത്തുകളുടെ സമ്മതത്തോടെ മാത്രമേ ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാൻ കഴിയൂ. നടപ്പാക്കിയ പ്രൊജക്ടുകൾ പൂർണമായും പശ്ചാത്തല വികസന പ്രൊജക്ട് അല്ല. ഗ്രാമപഞ്ചായത്തുകളുടെ സമ്മത പ്രകാരമല്ല ഈ പ്രൊജക്ട് നടപ്പിലാക്കിയിട്ടുള്ളത്.

(4) ഈ പദ്ധതി ബ്ലോക്ക് പഞ്ചായത്തിന്റെ വിദ്യഭ്യാസ വർക്കിംഗ് ഗ്രൂപ്പ് ശുപാർശ ചെയ്തിട്ടില്ല.

മേൽ പറഞ്ഞ അപാകതകൾ സംബന്ധിച്ച് വിശദീകരണമെന്തെങ്കിലും സമർപ്പിക്കാനുണ്ടെങ്കിൽ രേഖാമൂലം സമർപ്പിക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ 2/19.11.19) 21.11.2019 ന് താഴെ പറയും വിധം മറുപടി സമർപ്പിച്ചു.

" ഈ പദ്ധതി, സർക്കാർ ഉത്തരവ് (കൈ) നമ്പർ 11/2018 ത.സ്വ.ഭ.വ , ഖണ്ഡിക 7.(6),(10) പ്രകാരമാണ് നടപ്പാക്കിയിട്ടുള്ളത്. ആയതു പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള എൽ.പി./ യു.പി. സ്കൂളുകളിലെ പശ്ചാത്തല വികസന പ്രൊജക്ടുകൾ ഗ്രാമ പഞ്ചായത്തുകളുടെ സമ്മതത്തോടെ, ബ്ലോക്ക് പഞ്ചായത്തുകൾക്ക് നടപ്പാക്കാം . പട്ടാമ്പി AEO ശുപാർശ ചെയ്ത ലിസ്റ്റ് പ്രകാരമാണ് 1 മുതൽ 8 വരെ സർക്കാർ സ്കൂളുകളിലും 9 മുതൽ 25 വരെ എയിഡഡ് സ്കൂളുകളിലും ബുക്കും, ഷെൽഫും വിതരണം നടത്തിയിട്ടുള്ളത്."
എന്നാൽ താഴെ പറയുന്ന കാരണങ്ങളാൽ ഈ മറുപടി അംഗീകരിക്കാൻ നിർവാഹമില്ല.

(a) 1994-ലെ കേരള പഞ്ചായത്ത് രാജ് - നാലാം പട്ടിക – ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലകൾ -എന്ന ശീർഷകത്തിൽ പറയും പ്രകാരം വിദ്യാഭ്യാസം ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ പെടുന്നില്ല. ആയത് ഗ്രാമ പഞ്ചായത്തിന്റെ ചുമതലയിൽ പെട്ട കർത്തവ്യമാണ്. സ്കൂൾ ലൈബ്രറിയുമായി ബന്ധപ്പെട്ട പ്രൊജക്ട് സ്കൂളിന്റെ പശ്ചാത്തല സൗകര്യ വികസനത്തിൽ ഉൾപ്പെട്ടതല്ല. മറിച്ച്, വിദ്യാഭ്യാസ വികസനവുമായി ബന്ധപ്പെട്ടതാണ്.

(b) പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗ രേഖ- സ.ഉ. 11/18 ത.സ്വ.ഭ.വ., തീയ്യതി. 29.1.18 പ്രകാരം എയിഡഡ് സ്കൂളുകളിൽ ഈ പദ്ധതി നടപ്പാക്കാൻ കഴിയില്ല. ഈ സ്കൂളുകളിൽ ഇത്തരം പ്രൊജക്ട് നടപ്പിലാക്കുന്നതിനു മുമ്പ് സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങേണ്ടതുണ്ട്. എയിഡഡ് സ്കൂളുകൾ ഗ്രാമ പഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളല്ല. ആയതിനാൽ ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച മറുപടി അംഗീകരിക്കാൻ നിർവാഹമില്ല.

(c) ഗ്രാമപഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകളിൽ തന്നെ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന പക്ഷം ഗ്രാമപഞ്ചായത്തുകളുടെ മുൻകൂർ അനുമതി ലഭ്യമാക്കേണ്ടതുണ്ട്. പ്രൊജക്ട് നടപ്പിലാക്കി കഴിഞ്ഞ് അനുമതി തേടുന്നത് ക്രമപ്രകാരമല്ല.

(d) പൊതു വിദ്യഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സർക്കാർ, എല്ലാ സ്കൂളുകളിലും ക്ലാസ്സ് ലൈബ്രറികളും കേന്ദ്രീകൃത ലൈബ്രറികളും സന്നദ്ധ സംഘടനകൾ, പി.ടി.എ. മറ്റു അഭ്യുദയകാംക്ഷികൾ എന്നിവർ മുഖേന നടപ്പിലാക്കാൻ നിർദേശിച്ചിട്ടുണ്ട്. സ്വന്തം വരുമാന മാർഗ്ഗമില്ലാത്ത ബ്ലോക്ക് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം മറ്റു ഏജൻസികളിൽ

നിന്നും ലഭിക്കുന്ന പരിമിതമായ വിഭവങ്ങൾ കൊണ്ട് അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ ഏറെ മുൻഗണനയർഹിക്കുന്ന വിഷയങ്ങൾ പരിഹാരം കാത്തു നിൽക്കെ അധികാര പരിധിയിൽ പെടാത്ത പ്രൊജക്റ്റ് നടപ്പാക്കാൻ തുക ചെലവഴിച്ചത് അംഗീകരിക്കാൻ നിർവ്വാഹമില്ല.

ആയതിനാൽ പദ്ധതി മാർഗ്ഗരേഖക്കു വിരുദ്ധമായി പ്രൊജക്റ്റ് നടപ്പാക്കാൻ ചെലവഴിച്ച 613473 രൂപയിൽ 18 എയിഡഡ് സ്കൂളുകൾക്ക് വേണ്ടി ചെലവഴിച്ച തുകയായ (613473/25 =24538.9x 18 = 4,41,700 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ നിർവഹണോദ്യോഗസ്ഥയിൽ നിന്നും ഈടാക്കി വികസന ഫണ്ടിലൊടുക്കേണ്ടതാണ്. സർക്കാർ സ്കൂളുകൾക്ക് വേണ്ടി ചെലവഴിച്ച 171773യുടെ ചെലവ് ഗ്രാമ പഞ്ചായത്തുകളുടെ സമ്മത പത്രം ലഭ്യാക്കുന്നതിനു വിധേയമായി തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 8-7-19 | കെ.എസ്.എ-പി.കെ.ഡി-21/967/2019 (11) തി.26-8-19 |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| മുതുതല ഗ്രാമ പഞ്ചായത്ത് | 2018-19 | 48694 | ലൈഫ് മിഷൻ പാർപ്പിട പദ്ധതി-ജനറൽ (18/19) | 48694 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 607452 | -------do------- | 607452 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര്/പ്രോജക്റ്റ് നമ്പർ | വൗച്ചർ നമ്പർ/ ചെക്ക് നം./<br>ബിൽ നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| KWA | മപ്പാട്ടുകര-ചിറയ്ക്കൽമുക്ക് കുടിവെള്ള പദ്ധതി(98/19) | 73/12-10-18 | 750000 | വിനിയോഗ വിവരം ലഭ്യമല്ല |
| KSEB | പൊന്നേരി-പാറക്കടവ് കുടി വെള്ള പദ്ധതിക്ക് വൈദ്യുതീ കരണം (179/19) | 62/10-08-18<br>71/10-10-18 | 1300000<br>400000 | 1700000 |
| KWA | കളത്തിൽ പടി-മനക്കൽ പടി കുടിവെള്ള പദ്ധതി (189/19) | 75/12-10-18 | 500000 | വിനിയോഗ വിവരം ലഭ്യമല്ല |
| KSEB | നാട്യമംഗലം-പൊന്നേരി പ്പാറ പ്രദേശം വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ (213/19) | 104/20-2-19 | 150000 | 345000 |
| KSEB | നാട്യമംഗലം-പൊന്നേരി പ്പാറ പ്രദേശം വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ പൂർത്തീകരണം (216/19) | | 195000 | |
| KSEB | തിരുവേഗപ്പുറ പഞ്ചായത്ത് 1,12 വാർഡുകളിലെ 3 ഫേസ് ലൈൻ എക്സ്റ്റൻഷൻ (215/19) | 103/11-3-19 | 350000 | 350000 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

# 4-5 സ്ഥിര നിക്ഷേപം

ഒന്നുമില്ല

# 4-6 വായ്പ / വായ്പാതിരിച്ചടവ്

തൻവർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തുകയൊന്നും വരവില്ല.

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം അടവാക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1995-98 | 3-1 | 408<br>240<br>===<br>648 | സി.എ.ബാബു,<br>ജൂനിയർ സൂപ്രണ്ട്<br>സി.മുഹമ്മദ് റഷീദ്,പ്യൂൺ | 0026/08-08-18 |
| 1999-00 | 2-2 | 500 | ലോഹിതേശ്വരൻ,സെക്രട്ടറി | 00018/22-6-18 |
| | ആകെ | 1148 | | |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ഒന്നും നിലവിലില്ല.

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഈ ഇനത്തിൽ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | 136849880 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 136166260 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1042200/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2480653/- |

(ബി). ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | - | 600500 | ശ്രീമതി മിനി പി.എസ്, സെക്രട്ടറി,ബ്ലോക്ക് പഞ്ചായത്ത് |
| 3-2 | - | 441700 | -------ടി---------- |

സി.<u>ഭാഗം 1 പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-1 | 10921/- | ജുവൈന പി ഖാൻ, അസി. എക്സി . എഞ്ചിനീയർ |

ഡി. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 1595980/- | ടി.ലളിതാംബിക, സി.ഡി.പി.ഒ |
| 3-1 | 1285297/- | ശ്രീമതി മിനി പി.എസ്, സെക്രട്ടറി,ബ്ലോക്ക് പഞ്ചായത്ത് |
| 3-2 | 171773 | ശ്രീമതി മിനി പി.എസ്, സെക്രട്ടറി,ബ്ലോക്ക് പഞ്ചായത്ത് |

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(എഫ്) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ജി)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി മിനി പി.എസ്, സെക്രട്ടറി,ബ്ലോക്ക് പഞ്ചായത്ത് | സെക്രട്ടറി,തൃത്താല ബ്ലോക്ക് പഞ്ചായത്ത് | ചെട്ടുപറമ്പിൽ വീട്, നടുവട്ടം പി.ഒ, പട്ടാമ്പി, പാലക്കാട് ജില്ല |
| ടി.ലളിതാംബിക, സി.ഡി.പി.ഒ | സി.ഡി.പി.ഒ ,മുഖത്തല ബ്ലോക്ക്പഞ്ചായത്ത്, കൊല്ലം ജില്ല | “പ്രണവം”, ഓലയിൽ, (പി.ഒ) തേവള്ളി, കൊല്ലം ജില്ല |
| ജുവൈന പി ഖാൻ, അസി. എക്സി . എഞ്ചിനീയർ | അസി. എക്സി . എഞ്ചിനീയർ, പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് | “അൽ അമൽ”, വികാസ് ഓഡിറ്റോറിയത്തിന് സമീപം, ഷൊർണ്ണൂർ (PO) പാലക്കാട്ജില്ല |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച<br>ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1995-96<br>1996-97<br>1997-98 | LFP10/244/09 dt. 6.6.09 | 11 |
| 1998-99 | LFP10/1089/03 | 5 |
| 1999-2000 | LFP10/408/02 dt. 2.12.13 | 6 |
| 2000-01 | LFP10/928/07dt. 3.12.07 | 5 |
| 2001-02 | LFP10/974/07dt. 3.12.07 | 3 |
| 2002-03 | LFP10/975/07dt. 3.12.07 | 4 |
| 2003-04 | LFP10/942/08dt. 15.7.09 | 6 |
| 2004-05 | LFP10/943/08dt. 15.7.09 | 6 |
| 2005-06 | LFP10/944/08dt. 15.7.09 | 4 |
| 2006-07 | LFP10/945/08dt. 15.7.09 | 5 |
| 2007-08 | LFP8/1684/11dt. 9.12.11 | 5 |
| 2008-09 | LFP8/1685/11dt. 9.12.11 | 6 |
| 2009-10<br>2010-11 | LFP8/1061/12dt. 12.1.14 | 8 |
| 2011-12 | LFP8/2243/14dt. 7.1.15 | 4 |
| 2012-13<br>2013-14<br>2014-15 | KSA PKD8/154/16/ dt.9-2-16 | മുഴുവൻ |
| 2015-16 | KSA PKD8/343/17dt.10-5-17 | മുഴുവൻ |
| 2016-17 | KSA PKD8/2103/2017 dt. 22-11-2017 | മുഴുവൻ |
| 2017-18 | KSA PKD8/981/2019 dt.17.07.2019 | മുഴുവൻ |

അവശേഷിക്കുന്ന റിപ്പോർട്ടികളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1 ഓഡിററ് സാക്ഷ്യപത്രം

കെ.എസ്.എ-പി.കെ.ഡി21/967/2019(11)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി. 26.08.2019

ഫോൺ - 04912-520145

ഇ-മെയിൽ - dopkd.ksad@kerala.gov.in

## സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പാഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ പട്ടാമ്പി ബ്ലോക്ക്പഞ്ചായത്തിന്റെ 31.03.2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു,

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പട്ടാമ്പി ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് -ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

### ന്യൂനതകളുടെ സംഗ്രഹം

1. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തിമൂല്യം യഥാർത്ഥ ആസ്തിമൂല്യവുമായി പൊരുത്തപ്പെടുന്നില്ല.
2. വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയ വാടക വരവുകളും, വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
3. ഡെപ്പോസിറ്റ് തുകകളുടെ {AFS-B(7)} മുൻബാക്കി, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ ഡെപ്പോസിറ്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

KSA-PKD21/967/2019(11)

Kerala State Audit Department,
District Audit Office, Palakkad,

Dated.26.08.2019

Phone Number: 04912 520145

email: dopkd.ksad@kerala.gov.in.

## CERTIFICATE

Certified that 1 have examined the Annual Financial Statement of Pattambi Block Panchayat for the year ended on 31.03.2019 in Palakkad District in accordance with Section 4 of the Kerala local Fund Audit Act 1994, Section 215 of the Kerala panchayat Raj Act

1994, the rules made there under and the guidelines issued by the Comptroller and the Auditor General of India for the Certification of Accounts of Panchayathi Raj Institutions.

In my opinion the financial Statement of Pattambi Block Panchayat for the year 2018-19 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

Senior Deputy Director

Abstracts of defects / Discrepancies

1. Value of assets have not made update and linked with Sankhya. Therefore the same has not in reconcile with the balance sheet in the Annual Financial Statement.
2. Rent receipts in AFS were not in agreement with receipts recorded in the Rent register.
3. The opening balance, receipts, expenditure and closing balance of Deposit amounts in Schedule B(7) of AFS were not in agreement with Deposit Register.

SENIOR DEPUTY DIRECTOR

# അനുബന്ധം-2 ഓഡിറ്റ് കണക്കുകളുടെ സംക്ഷിപ്തം

**1) INCOME & EXPENDITURE STATEMENT**

For the period from 01-April-2018 to 31-March 2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 85799.00 |
| 140000000 | Fee & User Charges | I-4(b) | 152253.00 |
| 150000000 | Sale & Hire Charges | I-5(b) | 391090.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 65021536.00 |
| 171000000 | Interest Earned | I-8 | 1168759.00 |
| 180000000 | Other Income | I-9 | 270721.00 |
| | Total Income | | 67090158.00 |
| | | | |

| | | | |
|---|---|---|---|
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 2640792.00 |
| 220000000 | Administrative Expenses | I-11(b) | 2117673.00 |
| 230000000 | Operations & Maintenance | I-12(b) | 475733.00 |
| 240000000 | Interest & Finance Charges | I-13 | 1447.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 8591256.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 53200630.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 5544795.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 73584.00 |
| 255000000 | Maintenance Projects | I-14(e) | 9435661.00 |
| 270000000 | Provisions and Write off | I-16 | 0.0 |
| 272000000 | Depreciation | I-17(a) | 11621064.00 |
| | Total Expenditure | | 93702635.00 |
| | Gross Surplus/ Deficit of income over Expenditure | | -26612477.00 |
| 280000000 | Prior Period Item | I-18 | 34611.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -26647088.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

**2) RECEIPT & PAYMENT STATEMENT**

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 43772628.00 |
| Cash | Cash | RP-40(a) | 7766.00 |
| | Operating | | |
| 140000000 | Fees & User Charges | RP-4 | 152253.00 |
| 150000000 | Sale & Hire Charges | RP-5 | 391090.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 73534000.00 |

| | | | |
|---|---|---|---|
| 171000000 | Interest Earned | RP-9 | 1168759.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 17434067.00 |
| 350000000 | Other Liabilities | RP-36 | 200.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 233293.00 |
| 340000000 | Deposits Received | RP-34 | 9090.00 |
| 350000000 | Other Liabilities | RP-36 | 21501.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 125233.00 |
| | Grand total | | 136849880.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2640488.00 |
| 220000000 | Administrative Expenses | RP-12 | 2110691.00 |
| 230000000 | Operations & Maintenance | RP-13 | 475733.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 8591256.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 53200630.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 4989795.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 73584.00 |
| 255000000 | Maintenance Projects | RP-20 | 9435661.00 |
| 280000000 | Prior Period item | RP-26 | 32190.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1447.00 |
| 312000000 | Reserves | RP-30 | 682173.00 |
| 340000000 | Deposits Received | RP-34 | 4500.00 |
| 341000000 | Deposit Works | RP-35 | 2421.00 |
| 350000000 | Other Liabilities | RP-36 | 31883.00 |
| 410000000 | Fixed Assets | RP-38 | 15436456.00 |
| 412000000 | Capital work in Progress | RP-40 | 13003466.00 |
| 460000000 | Loans, Advances and Deposits | RP-47 | 11893.00 |
| | | | |

| | | | |
|---|---|---|---|
| | Closing Balance | | |
| Bank | Bank | RP-40(b) | 26125613.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 136849880.00 |

**3) BALANCE SHEET**

For the period from 01-April-2018to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 49989953.00 |
| 312000000 | Reserves | B-3 | 78020555.00 |
| | Total Reserve & Surplus | | 128010508.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 29586212.00 |
| | Total Grants, Contributions for Specific Purposes | | 29586212.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 4590.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 0.0 |
| | Total Current Liabilities and Provisions | | 4590.00 |
| | TOTAL LIABILITIES | | 157601310.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 130812273.00 |
| 411000000 | Accumulated Depreciation | B-11 | -11414297.00 |
| 412000000 | Capital Work in Progress | B-11(a) | 11492580.00 |
| | Total Fixed Assets | | 130890556.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | | | |

| | | | |
|---|---|---|---|
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 500.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 450000000 | Cash and Bank Balance | B-17 | 26125613.00 |
| 460000000 | Loans, Advances and Deposits | B-18 | 584641.00 |
| | Total Current Assets, Loans and Advances | | 0.0 |